# ദൈവവചനം പറയുന്നതിന്റെ രഹസ്യമായ ശക്തി

ജോയ്സ് മേയർ

# ദൈവവചനം
# പറയുന്നതിന്റെ
# ശക്തിയുടെ രഹസ്യം

# ദൈവവചനം പറയുന്നതിന്റെ
# രഹസ്യമായ ശക്തി

ജോയ്സ് മേയർ

JOYCE MEYER
MINISTRIES

Nanakramguda, Hyderabad - 500 008

© 2004 by Joyce Meyer
All rights reserved.

Unless otherwise noted Scriptures are taken from *The Amplified Bible* (AMP), *The Amplified Bible, Old Testament*. Copyright ©1965, 1987 by Zondervan Corporation. The Amplified New Testament, Copyright © 1954, 1958, 1987 by The Lockman Foundation. Used by permission.

The Secret Power of Speaking God's Word - Malayalam

Printed at
Caxton Printers,
Hyderabad - 500 004

# ഉള്ളടക്കം


മുഖവുര : *നിങ്ങൾക്കൊരു*
*രഹസ്യം അറിയണോ?* ix

കോപം 1

അഭിഷേകം 3

ആകുലചിന്തയും ഉത്കണ്ഠയും 5

വിശ്വാസികളുടെ അധികാരം 7

ഒത്തുതീർപ്പ് 9

ധാർമ്മിക ഉത്തരവാദിത്വം 11

ഏറ്റുപറയൽ 14

*ഭർത്താക്കന്മാർക്കുവേണ്ടിയുള്ള ഏറ്റുപറയൽ 14*

*ഭാര്യമാർക്കുവേണ്ടിയുള്ള ഏറ്റുപറച്ചിൽ 17*

*മാതാപിതാക്കൾക്കു വേണ്ടിയുള്ള*
*ഏറ്റുപറച്ചിൽ 20*

*വിവാഹം ചെയ്യാത്തവർക്കുവേണ്ടിയുള്ള*
*ഏറ്റുപറച്ചിൽ 24*

*കുടുംബത്തിനുവേണ്ടിയുള്ള ഏറ്റുപറച്ചിൽ 27*

*ഏറ്റുപറച്ചിൽ എന്ന വാക്കിനെപ്പറ്റി*
*ബൈബിൾ എന്തു പറയുന്നു. 29*

| | |
|---|---|
| ഉറപ്പ് | 32 |
| സംതൃപ്തി | 34 |
| നിയന്ത്രണം | 36 |
| ധൈര്യം | 37 |
| വിഷാദം | 39 |
| ഉറപ്പുവരുത്തുക | 42 |
| ജാഗ്രത | 44 |
| അധൈര്യവും നിരാശയും | 46 |
| വികാരം | 48 |
| ധൈര്യപ്പെടുത്തലും സുഖവും | 50 |
| വിശ്വാസം | 52 |
| കനിവ് | 56 |
| ഭയം | 58 |
| ക്ഷമിക്കുക | 60 |
| കൃപ | 62 |
| കുറ്റവും ശിക്ഷാവിധിയും | 64 |
| ആരോഗ്യവും രോഗസൗഖ്യവും | 67 |
| ദൈവത്തിൽനിന്നു കേൾക്കുക | 69 |
| സഹായം | 71 |
| വിശുദ്ധി | 73 |
| പ്രതീക്ഷ | 75 |
| സൗമ്യതയും അഹങ്കാരവും | 77 |

സുരക്ഷിതത്വം 79
സത്യസന്ധത 81
ഉത്സാഹവും പ്രബോധനവും 83
ഏകാന്തത 85
ക്ഷമ 87
സമാധാനം 89
ശക്തി 91
പ്രാർത്ഥന 93
അഭിവൃദ്ധി, സമ്പത്ത് , ദാനം 95
സംരക്ഷണം 98
ദൈവസ്നേഹം സ്വീകരിക്കുക 100
നിരസിക്കുക 103
ദൈവത്തിന്റെ നോട്ടം 105
ആത്മസംയമനം 107
നിസ്വാർത്ഥത 110
ആത്മീക യുദ്ധം 112
ബലപ്പെടുത്തുക 114
അധികാരത്തിനു കീഴടങ്ങുക 117

*ദൈവത്തിന്റെയും മനുഷ്യന്റെയും 117*

*ഭാര്യമാർക്കുവേണ്ടി 119*

നിങ്ങളുടെ ശരീരത്തെ സംരക്ഷിക്കുക 120
പ്രലോഭനം 122

ദൈവത്തിന്റെ ദയ 124
മനസ്സ് 126
ദൈവവചനത്തിന്റെ ശക്തി 128
ഉറപ്പ് 131
വിജയം 134
ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക 136
സ്നേഹത്തിൽ നടക്കുക 138
ജ്ഞാനം 140
ആരാധന 142

എഴുത്തുകാരിയെക്കുറിച്ച് 144

# ആമുഖം

## നിങ്ങൾക്കൊരു രഹസ്യം അറിയണോ?

എല്ലാവർക്കും ആവശ്യമാണ്! ഞാൻ കണ്ടെത്തിയ ഒരു ശക്തിയുടെ രഹസ്യം ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാം. അത് അക്ഷരാർത്ഥത്തിൽ എന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തി.

1976–ൽ ദൈവം കൃപയാൽ അവന്റെ വചനം ഉറക്കെ ഏറ്റുപറയുവാനുള്ള കൃപ നല്കി. ഇതിനുമുമ്പ് നേരെ വിപരീതമായ കാര്യങ്ങളാണ് പറയുകയും ചെയ്യുകയും ചെയ്തിരുന്നത്. ഞാൻ വളർന്ന അന്തരീക്ഷവും എനിക്കു ലഭിച്ച ബാല്യകാല പീഡനങ്ങളും (ദുർവിനിയോഗം) ആണ് എന്നെ മറ്റൊരു വ്യക്തിയാക്കി തീർത്തത്. ആകയാൽ യാതൊരു നല്ലതും എനിക്കു പ്രതീക്ഷിക്കുവാൻ ഇല്ലായിരുന്നു. “ഞാൻ ജീവിതത്തിൽ ഒരു നന്മയും പ്രതിഷ്ഠിക്കുന്നില്ലെങ്കിൽ അതു വന്നില്ലായെന്നു വിചാരിച്ചു നിരാശപ്പെടുവാനുമില്ല.”

ഞാൻ ദൈവപദ്ധതിക്കു വിപരീതമായി ജീവിക്കുന്നതിനാലുള്ള നാശത്തിന്റെ പ്രശ്നത്തെക്കുറിച്ച് അവൻ എന്നോടു ഇടപെട്ടുകൊണ്ടിരുന്നു. അങ്ങനെ എന്റെ വിചാരത്തിലും സംസാരത്തിലും മാറ്റം വരുത്തുന്നതിൽ ഞാൻ കുറച്ചു പുരോഗമിക്കയും ചെയ്തിരുന്നു. എന്നിരുന്നാലും നിഷേധാത്മകമായി സംസാരിക്കാ തിരിക്കാനും നിശ്ചിതമായി സംസാരിപ്പാനും ശ്രദ്ധിച്ചു. ഒരു ദിവസം ഞാൻ ദൈവത്തോടു സംസാരിച്ചതു പരാതിയായിട്ടാണ്. നിഷേധാത്മകമായി ഒന്നും പ്രവർത്തിക്കാതിരുന്നിട്ടും നിശ്ചിതമായ മാറ്റമൊന്നും എന്നിൽ

കാണാഞ്ഞത് എന്തുകൊണ്ടാണെന്നായിരുന്നു ചോദ്യം - ദൈവം എന്നോടു സംസാരിക്കുന്നതായി എനിക്കനുഭവപ്പെട്ടു: "ജോയ്സീ, *നിഷേധാത്മകമായ* സംസാരം നീ നിർത്തിയെന്നതു ശരി, എന്നാൽ നീ *അസന്നിദ്ധമായ* വാക്കുകൾ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല." നമ്മുടെ ജീവിതത്തിൽ തെറ്റായതു ചെയ്യാതിരുന്നതു നിർത്തുന്നതു നല്ലതാണ്. എന്നാൽ നമ്മുടെ ജീവിതത്തിൽ യഥാർത്ഥ കൊയ്ത്തു വരണമെങ്കിൽ നല്ലതു പ്രവർത്തിയുടെ വിത്തുകൾ പാകണം.

പെട്ടെന്ന് ഞാൻ ചെയ്യേണ്ടത് എന്താണെന്ന് എന്റെ ആത്മാവിൽ വെളിപ്പെട്ടു. അടുത്ത ചില ദിവസങ്ങൾ "*ഏറ്റുപറയേണ്ട കാര്യങ്ങളുടെ ഒരു ലിസ്റ്റ്*" നിർബന്ധമായി തയ്യാറാക്കി. അതിൽ എന്റെ ജീവിതത്തിൽ എന്തു ചെയ്യുമെന്നറിയാനായി തിരുവെഴുത്തു ഭാഗങ്ങളും ചേർത്തു. ഇതു ദൈവവുമായി ചെയ്യാനുള്ള ഉടമ്പടിയുടെ ഒരു പകർപ്പായിരുന്നു. എന്റെ ഏറ്റുപറച്ചിലിൽ അവയുടെ നിലനില്പ്പിനായി അദ്ധ്യായങ്ങളും വാക്യങ്ങളും കൂട്ടിച്ചേർത്തു. ദിവസം രണ്ടു പ്രാവശ്യം ദൈവവചനം ഉറക്കെ പറഞ്ഞുകൊണ്ടാണ് ഏറ്റുപറച്ചിൽ നടത്തിയത്. ഞാൻ സത്യം പറയട്ടെ അതു എന്റെ ജീവിതത്തിലും, എന്റെ കുടുംബത്തിലും മാറ്റം വരുത്തി.

റോമർ 4:17ൽ മരിച്ചവരോടു സംസാരിക്കുകയും (മരിച്ചവരോടു ജീവനായി സംസാരിക്കുന്നു) ഇല്ലാത്ത തിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നു എന്നു പറഞ്ഞിരിക്കുന്നു. ഞാനും അതു തന്നെ ചെയ്തു. എന്റെ ജീവിതത്തിൽ ഇല്ലാത്തതിനെ ഉള്ളതുപോലെ ദൈവ വചനം ഏറ്റുപറയുന്നതിലൂടെ വിളിച്ചു. ഞാൻ ഏറ്റു പറഞ്ഞ

കാര്യങ്ങൾ ദൈവവചനത്തിലുണ്ടെന്നു ഖണ്ഡിതമായി പറഞ്ഞു. അവ എന്റെ ജീവിതത്തിൽ വേണമെന്ന് തീരുമാനിച്ചിരുന്നവയല്ല. ഏറ്റുപറച്ചിലിലൂടെ നാം ദൈവ ഇഷ്ടത്തെ പൂർണ്ണമാക്കുകയാണ്. ദൈവവചനം വിശ്വസിക്കയും, ഏറ്റുപറകയും ചെയ്യുമ്പോൾ നമ്മൾ ദൈവവുമായി അവന്റെ പദ്ധതികൾ നമ്മിൽ നടപ്പാക്കാനുള്ള ഉടമ്പടി ചെയ്യുകയാണ്.

## നിങ്ങളുടെ വായ് തുറക്കുക

എന്റെ പരിചയത്തിൽ നിന്റെ വായ് അടച്ചിരുന്നാൽ നിനക്കു ഗോല്യാത്തിനെ തോല്പിക്കാൻ സാധിക്ക യില്ലെന്നു പറയുന്നതു കേട്ടു. നമുക്കെല്ലാം ശത്രുക്കളുണ്ട്. തോല്പിക്കപ്പെടേണ്ട മല്ലന്മാർ നമ്മുടെ ജീവിതങ്ങളിലുണ്ട്. 1 ശമുവേൽ 17:42-48 ൽ ദാവീദു ഗോല്യാത്തിനെ കൊല്ലുവാനായി യുദ്ധത്തിൽ ഏർപ്പെട്ടപ്പോൾ അവന്റെ നേരെ ഓടിച്ചെന്നതായി വായിക്കുന്നു.

*നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടടെ നാമത്തിൽ നിന്റെ നേരെ വരുന്നു. യഹോവ ഇന്നു നിന്റെ നേരെ വരുന്നു. യഹോവ ഇന്നു നിന്നെ എന്റെ കൈയിൽ ഏല്പിക്കും; ഞാൻ നിന്നെകൊന്ന് നിന്റെ തല ഛേദിച്ചു കളയും; അത്രയുമല്ല ഞാൻ ഇന്ന് ഫെലിസ്ത്യ സൈന്യങ്ങളുടെ ശവങ്ങളെ ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ മൃഗങ്ങൾക്കും ഇരയാക്കും. യിസ്രായേലിൽ ഒരു ദൈവം ഉണ്ടെന്ന് സർവ്വഭൂമിക്കും അറിയും.* - 1 ശമുവേൽ 17:45-46

ഈ ഉദാഹരണം വെളിപ്പെടുത്തുന്നത് നമുക്കും നമ്മുടെ ജീവിതത്തിലെ ശത്രുക്കളെ ഇങ്ങനെ നേരിടാമെന്നാണ്. പക്ഷേ, നാം നമ്മുടെ വായ് തുറന്ന് ദൈവവചനം സംസാരിക്കണം.

അവൻ അവസാനം സംഭവിക്കേണ്ട ഫലത്തെക്കുറിച്ച് ആദ്യമേ പ്രവചിച്ചു. ദൈവം തന്റെ വചനത്താൽ അങ്ങനെ ചെയ്യുന്നു.

*ദ്രോഹികളേ, ഇതു മനസ്സിലാക്കുവിൻ. പണ്ടുള്ള പൂർവ്വകാര്യങ്ങളെ ഓർത്തുകൊൾവിൻ. ഞാനല്ലാതെ വേറൊരു ദൈവമില്ല; ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല. ആരംഭത്തിങ്കൽ തന്നെ അവസാനവും പൂർവകാലത്തു തന്നേ മേലാൽ സംഭവിക്കുവാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും. ഞാൻ എന്റെ താല്പര്യമൊക്കെയും അനുഷ്ഠിക്കും എന്നു ഞാൻ പറയുന്നു.*

– യെശയ്യാവ് 46:9–10

*നീ കേട്ടിട്ടുണ്ട്; ഇപ്പോൾ എല്ലാം കണ്ടുകൊള്ളുക; നിങ്ങൾ തന്നെ അതു പ്രസ്താവിക്കുകയില്ലയോ? ഇന്നു മുതൽ ഞാൻ പുതിയത്, നീ അറിയാതെ മറഞ്ഞിരിക്കുന്നതു തന്നെ നിന്നെ കേൾപ്പിക്കുന്നു. ഞാൻ അത് റിഞ്ഞുവല്ലോ എന്നു നീ പറയാതെ ഇരിക്കേണ്ടതിന് അതു പണ്ടല്ല. ഇപ്പോൾ തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇന്നേ ദിവസത്തിനു മുമ്പ് നീ അതിനെക്കുറിച്ച് ഒന്നും കേട്ടിട്ടില്ല.*

– യെശയ്യാവ് 48:6–7

# സേവകാത്മാക്കൾ

നമുക്കും ദൂതന്മാരുടെ സഹായം ലഭ്യമാണ്, എന്നാൽ അവൾ ദൈവവചനം കേൾക്കണം.

*ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊള്ളുക.*

– എബ്രായർ 1:14

*അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരെ, യഹോവയ്ക്കു വാഴ്ത്തുവിൻ.*

– സങ്കീർത്തനം 103:20

ഇതു അതിശയകരമാണ്! ദൈവവചനം നാം ഉറക്കെ ഏറ്റുപറയുമ്പോൾ ദൂതന്മാർ അതു കേൾക്കയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്യുന്നു. ദൈവവചനമാകുന്ന ഈ വായ്ത്തലയുള്ള വാൾ കൂടാതെ ശത്രുവിനെ തോല്പിക്കാൻ നമുക്കു കഴികയില്ല. ദാവീദ് ഗോല്യാത്തിന്റെ നേരെ ഓടിചെന്നപ്പോൾ (അവന്റെ മുമ്പിൽ നിന്നു ഓടിപ്പോകയല്ലായിരുന്നു) അവന്റെ വായിൽനിന്നു ദൈവവചനം പുറപ്പെടുകയും ദൂതന്മാർ അവന് അകമ്പടി സേവിക്കയും ചെയ്തു.

നമ്മുടെ പരാതികളും, പിറുപിറുപ്പും, സംശയങ്ങളും അവിശ്വാസവും കേട്ടാൽ ദൂതന്മാർ പ്രവർത്തിക്കയില്ല. അവർ നമുക്കുവേണ്ടി പ്രവർത്തിക്കണമെങ്കിൽ അതിനുള്ള ദൈവീക അനുമതി ലഭിക്കുന്നതു നാം ദൈവവചനം പറകയും വചനപ്രകാരം പ്രാർത്ഥികക്കയും ചെയ്യുമ്പോഴാണ്.

# ഒരു ആത്മീക ശിക്ഷണം

ലോകപ്രകാരം നമുക്കു ജോലി ചെയ്യാനും, ഭക്ഷണത്തിനും, സാമ്പത്തികത്തിനും ഒക്കെ ശിക്ഷണം ആവശ്യമായിരിക്കുന്നതുപോലെ, പ്രാർത്ഥന, ബൈബിൾ സ്റ്റഡി ദൈവവചനത്തിന്റെ ഏറ്റുപറച്ചിൽ എന്നിങ്ങനെ ആത്മീക ശിക്ഷണവും ആവശ്യമാണ്. അതു നമ്മുടെ സ്വഭാവം ആകണം. അപ്പോൾ മറ്റു ഏതു പരിശീലനവും പോലെ ഇതും നല്ല ഫലം തരും. ശിക്ഷണം ഉടനടി സന്തോഷം തരികയില്ല, എന്നാൽ അതൊരു നിക്ഷേപമാണ്, തക്കസമയത്തു കൂടുതലായി ലഭിക്കും (എബ്രാ. 12:11).

ഞാൻ അതിശക്തമായി നിങ്ങളെ പ്രോത്സാഹിപ്പി ക്കുന്നതു നിങ്ങൾ എല്ലാ ദിവസവും ദൈവവചനം ഉറക്കെ പറയണമെന്നാണ് മുഴുദിവസവും സാധിച്ചില്ലെങ്കിൽ ദിവസേന രണ്ടു മൂന്നു പ്രാവശ്യമെങ്കിലും പറയണം. പരിശുദ്ധാത്മാവിനു വിധേയപ്പെട്ട് എത്രമാത്രം അതു ചെയ്യുമോ അത്രയും നിങ്ങളുടെ മനസ്സിലേക്കു കടന്നുവരുന്ന എല്ലാ ചിന്തകളും ദൈവവചനത്തിനു അനുസരണമായതോ എന്നു തിരിച്ചറിയാൻ കഴിയും. ദൈവവചനത്തെ ഏറ്റുപറഞ്ഞുകൊണ്ടിരുന്നതിനാൽ തെറ്റായ ചിന്തകൾ അപ്രത്യക്ഷമാകും.

2 കൊരി. 10:4,5 ഭാഗം പഠിപ്പിക്കുന്നത് നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങളല്ല, കോട്ടകളെ (മനസ്സിലെ) ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ള വയാണ് അവയാൽ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിപരീതമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുന്നു.'' നമ്മുടെ

വായ്കൊണ്ടു ദൈവവചനം പറയുമ്പോൾ ഇരുവായ്ത്തലയുള്ള ആ വചനങ്ങൾ ശത്രുവിനെ തോല്പിച്ച് നമ്മുടെ അനുഗ്രഹത്തിനായി സ്വർഗ്ഗവാതിൽ തുറക്കുന്നു. നമ്മുടെ സുരക്ഷിതത്വത്തി നായി പല ആയുധങ്ങൾ ഉണ്ടെങ്കിലും പൊരുതുവാനുള്ള ആയുധം ദൈവവചനമാണ്.

തിരുവചനത്തിൽ ഓരോന്നും പ്രയോഗിക്കുന്നതിനു നിയമങ്ങൾ ഉള്ളതുപോലെ നിയമപ്രകാരം ഉപയോഗിച്ചി ല്ലെങ്കിൽ വചനവും പ്രവർത്തിക്കയില്ല. അതിനു വിശ്വാസം അത്യാവശ്യമാണ്, പ്രാർത്ഥനയും വചനത്തിന്റെ ഏറ്റുപറച്ചിലും നടക്കണം. യാക്കോബ് 2:17–ൽ "പ്രവർത്തി യില്ലാത്ത വിശ്വാസം ചത്തത്" എന്നു വായിക്കുന്നു.

എന്നാൽ നിങ്ങളുടെ ഏതു ആവശ്യത്തിനും ഉപയോഗിക്കാനുള്ള ഒരു ഫോർമുലയാക്കി ദൈവവചനം ഉറക്കെ ഏറ്റുപറയരുത്. ഇതു ദൈവം പ്രസാദിക്കുന്നതു എന്നു കരുതി വിശ്വാസത്തോടെ ചെയ്യുക. നമ്മൾ ദൈവവചനത്തെ സമ്മതിച്ചേറ്റുപറയുമ്പോൾ ദൈവം വിശ്വസ്ഥനാകയാൽ നമുക്കുവേണ്ടി പ്രവർത്തിക്കും. 1976 –ൽ ദൈവവചനം ഉറക്കെ പറഞ്ഞു തുടങ്ങിയ ഉടനെ എന്നിൽ മാറ്റങ്ങൾ ഉണ്ടായില്ല. ഒറ്റ രാത്രികൊണ്ടല്ല അതു സംഭവിച്ചത് പിന്നയോ സാവധാനത്തിൽ എന്നിൽ അതു ആരംഭിച്ചു ഇന്നുവരെയും എന്നിൽ ഫലം പുറപ്പെടു വിക്കുന്നതു ഞാൻ അനുഭവിച്ചു വരുന്നു. ദൈവവുമായി സഹകരിച്ചുപോകുവാൻ എനിക്കു കഴിയുന്നു.

സങ്കീർത്തനം 45:1 ൽ ദാവീദു "എന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു" എന്നു പറഞ്ഞിരിക്കുന്നു. സദൃശ്യവാക്യങ്ങൾ 3:3 ൽ ദൈവവചനത്തെ ഹൃദയത്തിന്റെ പലകയിൽ എഴുതി വയ്ക്കാൻ പറഞ്ഞിരിക്കുന്നു. ഈ രണ്ടു വാക്യങ്ങളും

ചേർത്തു വായിക്കുമ്പോൾ ഹൃദയം എഴുത്തുപലകയും നാവ് എഴുത്തുകോലും ആകുന്നു. വചനത്തെ നാം ഉറക്കെ വിളിച്ചു പറയുമ്പോൾ അതു നമ്മുടെ ഹൃദയത്തിൽ എഴുതുകയാണ്, അങ്ങനെ അതു ഹൃദയത്തിലും ഭൂമിയിലും സ്ഥിരപ്പെടുന്നു. അതു സ്വർഗ്ഗത്തിൽ എന്നേ യ്ക്കും സ്ഥിരമായിരിക്കുന്നത് (സങ്കീർത്തനം 119:89). നമ്മുടെ ഏറ്റുപറച്ചിലിലൂടെ അതു ഭൂമിയിലും സ്ഥിരപ്പെടുന്നു.

എന്റെ ഭർത്താവായ ഡേവ് എന്നെ സ്നേഹിക്കുന്നു എന്നെനിക്കറിയാം. പക്ഷേ അദ്ദേഹം അതു എന്നോടു എപ്പോഴും പറയുമ്പോൾ അതു കൂടുതൽ എന്റെ ജീവിതത്തിൽ ശക്തമാക്കുന്നു. ഇതുപോലെയാണു ദൈവവചനവും.

## മാതൃക

റോമാലേഖനത്തിൽ ഇതിനൊരു മാതൃക കാണുന്നുണ്ട്, അതായത് ഒരാൾ രക്ഷിക്കപ്പെടണമെങ്കിൽ ഹൃദയം കൊണ്ടു വിശ്വസിക്കുകയും വായികൊണ്ട് ഏറ്റു പറകയും വേണം.

*യേശുവിനെ കർത്താവ് എന്നു വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കുകയും, വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു.*

- റോമർ 10:9–10

അതുകൊണ്ടാണ് നാം വിശ്വസിക്കയും ഏറ്റുപറകയും ചെയ്യണമെന്നു ഞാൻ പറഞ്ഞത്. രണ്ടും ഒന്നിച്ചു പോകണം.

## നിങ്ങളുടെ ഏറ്റുപറച്ചിൽ മുറുകെ പിടിക്കുക

എബ്രാ. 4:4 ഉം 10:23 ഉം പറയുംപ്രകാരം നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലും മുറുകെ പിടിക്കണം. ചിലതിനെ നാം മുറുകെ പിടിക്കുമ്പോൾ അതു വെളിവാക്കുന്നതു ആരോ ഏറ്റെടുക്കുവാൻ ശ്രമിക്കുന്നുണ്ടെ ന്നാണ്. തെറ്റായ ചിന്തകളും തെറ്റായ വ്യാഖ്യാനങ്ങളും നമ്മുടെ മതത്തിലേയ്ക്കു സാത്താൻ കടത്തിവിടുമ്പോ ഴാണ് തെറ്റായ കാര്യങ്ങൾ വായി പ്രസ്താവിക്കുന്നത്. ജീവന്റെയും മരണത്തിന്റെയും ശക്തി നാവിന്മേ ലാണിരിക്കുന്നത്. അവനെ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും (സദൃശ്യവാക്യങ്ങൾ 18:21)

ദൈവവചനത്തെ ഏറ്റു പറയുന്നതു നല്ലതല്ലെന്നു സാത്താൻ പറയും. നാം അതു മറന്നു കളയേണ്ടതിനും പ്രവർത്തിക്കാതിരിപ്പാനുമായി നമ്മെ അലസ്സന്മാരാക്കും. ചെയ്യേണ്ടതെന്ന് അറിഞ്ഞിട്ടും അതു സാവധാനത്തിൽ ചെയ്തു തീർക്കേണ്ടതിനു നമ്മെ ക്ഷീണിപ്പിക്കും. നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കേണ്ടിയ നന്മകൾക്കെതിരായി അവൻ പൊരുതും.

ഏറ്റു പറയുക എന്നു വച്ചാൽ "കേൾക്കുന്ന കാര്യം സമ്മതിച്ചു വീണ്ടും പറയുന്നതാണ്." ദൈവം പറയുന്ന കാര്യങ്ങളെ നാം സമ്മതിക്കുകയും അവ നമ്മുടെ ജീവിതത്തിൽ ഫലപ്രദമാകേണ്ടിതന് അവനുമായി ഉടമ്പടി, ചെയ്തുകൊണ്ട് ഏറ്റുപറയുകയുമാണ്.

1 തിമൊ. 6:12 ൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക എന്നു പറഞ്ഞിരിക്കുന്നു. ദൈവം പറയുന്നതു ചെയ്യുവാനായി നാം പോരാടണം.

## ദൈവത്തിന്റെ വചനം വ്യർത്ഥമായി മടങ്ങുകയില്ല

യെശയ്യാവു പറയുന്നത് ദൈവത്തിൽ വായിൽ നിന്നു പുറപ്പെടുന്ന അവന്റെ വചനം (നമ്മുടെ വായും, അവനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു) വെറുതെ മടങ്ങി വരികയില്ലെന്നാണ്. അതു ഉദ്ദേശങ്ങളെ സഫലമാക്കിയിട്ടേ മടങ്ങുകയുള്ളൂ. ദൈവവചനം വിത്താണ്, നാം അതു ഭൂമിയിൽ നടുംമ്പോൾ നല്ല ഫലം ലഭിക്കുന്നു.

*മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതയ്ക്കുവാൻ വിത്തും തിന്നുവാൻ ആഹാരവും നല്കത്തക്കണ്ണം ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും. അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ചകാര്യം സാധിപ്പിക്കുകയും ചെയ്യും.*

– യെശയ്യാവ് 55:10–11

നമ്മൾ ഈ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളാണ്. അവന്റെ വായ്കളാണ്. അപ്പൊസ്തലനായ പൗലൂസ് ഉപദേശിക്കുംപോലെ അവന്റെ അനുകാരികൾ ആകുന്നു. പ്രതിനിധികളെന്ന നിലയ്ക്കു അവന്റെ വചനം അതേ പ്രകാരം സംസാരിക്കണം. നമ്മുടെ ജീവിതങ്ങളിലും സാഹചര്യങ്ങളിലും മാറ്റം വരുത്തുവാൻ ശക്തിയുള്ളതാണെന്നു വിശ്വസിച്ചു സംസാരിക്കണം.

ഈ നിയമം ജീവിതത്തിനു മാറ്റം വരുത്തുന്നതായിരുന്നു. ചിലപ്പോൾ ഈ നിയമത്തിൽ നിന്നു ഞൻ തെന്നി മാറിയിട്ടുണ്ട്. എന്നാൽ വിശ്വസ്ഥനായ പരിശുദ്ധാത്മാവ് എന്നെ ഓർമ്മിപ്പിക്കുകയും ദൈവവചനത്തെ ഏറ്റുപറയുവാൻ സഹായിക്കുകയും ചെയ്യുന്നു. ചില പ്രത്യേക സമയങ്ങളിൽ കൂടുതലായി ഏറ്റുപറച്ചിൽ നടത്താറുണ്ട്. എങ്കിലും പറയട്ടെ, ഈ കഴിഞ്ഞ കാലങ്ങളെല്ലാം അതു എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ഞാൻ ഇന്നും പറയാൻ പ്രയാസമെന്യേ അതു ചെയ്തുകൊണ്ടിരിക്കുന്നു.

ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് ശക്തിയേറിയ തിരുവെഴുത്തു ഭാഗങ്ങളെ അക്ഷരമാല ക്രമത്തിലുള്ള തലക്കെട്ടുകളോടുകൂടെയാണ്, അതു നിങ്ങളുടെ ഏതു പ്രത്യേക സന്ദർഭങ്ങളിലും, വളരെ എളുപ്പത്തിൽ ദൈവവചനം ഉറച്ച സ്വരത്തിൽ ഏറ്റുപറയേണ്ടതിനാണ്. ഇതു നിങ്ങളുടെ ആത്മിക പരിശീലനമാക്കുക. അങ്ങനെ നിങ്ങൾ ദൈവവചനത്തെ ഉരുവിടുന്നതിലൂടെ നിങ്ങളുടെ വിശ്വാസം വർദ്ധിക്കുകയും ജീവിതത്തിനു മാറ്റം വരികയും ചെയ്യട്ടെ.

*അവൻ എന്നോട്: മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ എന്നു ചോദിച്ചു; അതിനു ഞാൻ : യഹോവയായ കർത്താവേ, നീ അറിയുന്നു എന്നുത്തരം പറഞ്ഞു. അവൻ എന്നോടു കല്പിച്ചത് : നീ ഈ അസ്ഥികളെക്കുറിച്ചു പ്രവചിച്ച് അവയോടു പറയേണ്ടത് : ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൽക്കുവിൻ! ...എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ*

*പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു; ഉടനെ ഒരു ഭൂകമ്പം ഉണ്ടായി; അസ്ഥി അസ്ഥിയോടു വന്നു ചേർന്നു...അവൻ എന്നോടു കല്പിച്ചതു പോലെ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ച് ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു.*

– യെഹെസ്കേൽ 37:3–4,7,10

ഈ തിരുവെഴുത്തുകൾ നമ്മെ തട്ടിയുണർത്തുന്ന ഉദാഹരണങ്ങളാണ്. എങ്ങനെ പ്രവചിക്കണം അഥവാ ദൈവവചനം ഏറ്റു പറയണം എന്നതു കാണിക്കുന്നു.

*ദൈവത്തിന്റെ വചനം നിങ്ങളുടെ വായ്കൊണ്ട് തുടർച്ചയായി സംസാരിക്കുമ്പോൾ ശക്തിയേറിയതും വിജയകരമായതുമായ ജീവിതത്തെ ഉല്പാദിപ്പിക്കുന്നു.*

ഇപ്പോൾ നിങ്ങൾക്കു രഹസ്യം മനസ്സിലായിക്കാണും. ദൈവവചനം സംസാരിക്കുന്നതിലൂടെ ദൈവശക്തി നിങ്ങളിലേക്കു വ്യാപരിക്കും ആകയാൽ ഇന്നുതന്നെ തീരുമാനം എടുത്തു വചനം സംസാരിച്ചു തുടങ്ങുക.

## ഈ പുസ്തകം എങ്ങനെ ഉപയോഗിക്കണം

നിങ്ങൾക്കു എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയേണ്ടതിന് ഇതിലെ ഏറ്റുപറച്ചിലുകൾ പ്രഥമ പുരുഷനിലാണ് കൊടുത്തിരിക്കുന്നത്. അവ നേരിട്ടു തിരുവെഴുത്തുകളിൽ നിന്നോ തിരുവെഴുത്തിനെ അടിസ്ഥാനമാക്കിയോ ഉള്ളതാണ്. വേദഭാഗങ്ങൾ ഇതും തിരിച്ചു നല്കിയിരിക്കുന്നതു ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യാനുസരണം

ഉപയോഗിക്കേണ്ടതി നായിട്ടാണ്. നിങ്ങൾ അവയെ വേഗത്തിൽ ഉപയോഗിച്ചു ശീലിക്കണമെന്നാണ് എന്റെ ഉപദേശം. ദൈവവചനം ദിനം പ്രതി ഉപയോഗിക്കുന്നതിനെ ഒരു രോഗി കൃത്യമായി അയാളുടെ മരുന്നുകൾ കഴിക്കുന്നതിനോടു സദൃശമാക്കാം.

*മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക; എന്റെ മൊഴികൾക്കു നിന്റെ ചെവിചായ്ക്കുക. അവൻ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുത്; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവയ്ക്കുക. അവയെ കിട്ടുന്നവർക്ക് അവ ജീവനും അവരുടെ സർവദേഹത്തിനും സൗഖ്യവും ആകുന്നു.*

– സദൃശ്യവാക്യങ്ങൾ 4:20–22

രോഗിയുടെ ശരീരത്തിൽ മരുന്നു എങ്ങനെ പ്രയോജനപ്പെടുന്നുവോ അതുപോലെ ദൈവവചനം നമ്മുടെ ജീവിതങ്ങളിൽ പ്രയോജനപ്പെടും.

നിങ്ങളുടെ ഹൃദയത്തിൽ വചനം സൂക്ഷിച്ചിരുന്നാൽ ഏതു സമയത്തു വേണമെങ്കിലും അതു പ്രയോജന പ്പെടുത്താം. ഇതിലെ ഭാഗങ്ങൾ തിരഞ്ഞെടുത്തു നിങ്ങളുടെ ഓരോ പ്രശ്നങ്ങളിലും ധ്യാനിക്കാവുന്നതാണ്. തുടർച്ചയായി ക്ഷമയില്ലാത്ത സ്ഥിതിയിലാണെങ്കിൽ ക്ഷമയുടെ സെക്ഷൻ തിരഞ്ഞെടുത്ത് ധ്യാനിക്കുകയും, പഠിക്കയും ഏറ്റുപറകയും ചെയ്യാവുന്നതാണ്. മാപ്പു ലഭിക്കേണ്ട കാര്യത്തിലാണ് വിഷമിക്കുന്നതെങ്കിൽ മോചനത്തിന്റെ അദ്ധ്യായം നോക്കുകയും ക്ഷമിക്കേണ്ട വരോടു ക്ഷമിക്കുകയും ചെയ്യുക.

വചനം മരുന്നുപോലെയെങ്കിലും അതിലും ശക്തിയായി ഉപയോഗിക്കാവുന്നതാണ്. എനിക്കു തലവേദന വരുംമ്പോൾ തലയിൽ ബാൻഡേജു വയ്ക്കാറില്ല; മുറിവിൽ ഒരിക്കലും അസ്പിരീൻ വച്ചു കെട്ടാറുമില്ല. ഇതുപോലെ വചനത്തെയും വേണ്ടവിധത്തിൽ ഉപയോഗിച്ചാലേ ആത്മീയരോഗം മാറുകയുള്ളൂ. ഞാൻ രാവിലെ കോപിച്ചും ഭാരപ്പെട്ടുമാണ് എഴുന്നേല്ക്കുന്നതെങ്കിൽ ഒരു അഭിരുചിയുടെയോ, മറ്റെന്തെങ്കിലുമായ ഒരു നല്ല ടേപ്പു കേൾക്കാൻ കൂടി കഴികയില്ല. ദൈവവചന മരുന്നുപോലെ ഉപയോഗിച്ചാൽ ജീവിതത്തിൽ അതിന്റെ ശക്തി അറിയും.

ഞാൻ നിങ്ങൾക്കും ഒരു നല്ല ദൈവവചന ഡിക്ഷനറി നല്കി തന്നു എന്നാണ് എന്റെ വിശ്വാസം. അതു നിങ്ങളുടെ പുതിയ ജീവിതത്തിൽ ഫലപ്രമാകും. ഈ വചനത്തിന്റെ ഏറ്റുപറച്ചിൽ നിങ്ങൾക്കു നല്ലതായ ഒരു അടിസ്ഥാനം ഇട്ടു തരും. ജീവിത സാഹചര്യങ്ങളിൽ ഇതു പ്രയോഗിച്ച് അനുഭവം മനസ്സിലാക്കുക. ഞാൻ പിന്നെയും ഈ ഏറ്റുപറച്ചിലുകൾ എന്റെ ജീവിതത്തിൽ വലിയ ആത്മീക ശിക്ഷണം തന്നു പറയട്ടെ. ഈ പുസ്തകം ഓടിച്ചു വായിച്ചിട്ട് അലമാരിയിൽ ഇട്ടുകളയാതെ ദിവസേന ഉപയോഗിക്കണമെന്ന് ആത്മാർത്ഥമായി ഞാൻ അപേക്ഷിക്കുകയാണ്. നിങ്ങളുടെ ജീവിതത്തിൽ ഏറ്റു പറച്ചിലിനാലുള്ള സന്തോഷത്തെ വെളിപ്പെടുത്തുവാൻ ഇടയാക്കും.

സങ്കീർത്തനം 138:2ൽ എല്ലാറ്റിലും ഉപരിയായി ദൈവം തന്റെ വചനത്തെയും നാമത്തെയും മഹത്വപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. അവന്റെ നാമത്തെക്കാൾ വചനത്തിനു മഹത്വം കൊടുത്തിരിക്കുന്നു. ദൈവവചനം ഒരു നിധിയാണ്. നാം അതിനെ കേൾക്കുകയും, പഠിക്കുകയും,

സ്വീകരിച്ചു വിശ്വസിക്കുകയും സംസാരിക്കുകയും വേണം. നാം അതിനെ നിക്ഷേപിക്കും. അത് മഹിമയേറിയ ലാഭവിഹിതത്തെ സ്വരൂപിച്ചുതരും. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കയും വചനത്തെ ഏറ്റുപറയാനും അതിനെ മറ്റെല്ലാറ്റെയുംകാൾ ഉയർത്തിപ്പിടിക്കാനും സഹായിക്കട്ടെ.

# ദൈവവചനം
# പറയുന്നതിന്റെ ...

# കോപം

കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്ക; മുഷിഞ്ഞു പോകരുതു; അതു ദോഷത്തിനു ഹേതുവാകേയുള്ളൂ.
- സങ്കീർത്തനങ്ങൾ 37:8

യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ.
-സങ്കീർത്തനങ്ങൾ 103:8

ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു
- സദൃശ്യവാക്യങ്ങൾ 14:29

മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു.
- സദൃശ്യവാക്യങ്ങൾ 15:1

ക്രോധമുള്ളവൻ കലഹം ഉണ്ടാക്കുന്നു; ദീർഘക്ഷമയുള്ളവനോ കലഹം ശമിപ്പിക്കുന്നു.
- സദൃശ്യവാക്യങ്ങൾ 15:18

വിവേക ബുദ്ധിയാൽ മനുഷ്യന്നു ദീർഘക്ഷമ വരുന്നു; ലംഘനം ക്ഷമിക്കുന്നതു അവനു ഭൂഷണം
- സദൃശ്യവാക്യങ്ങൾ 19:11

നിന്റെ മനസ്സിൽ അത്ര വേഗം നീരസം ഉണ്ടാകരുതു; മൂഢന്മാരുടെ മാർവ്വിൽ അല്ലോ നീരസം വസിക്കുന്നതു.
- സഭാപ്രസംഗി 7:9

കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്.

– എഫേസ്യർ 4:26

എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

– എഫേസ്യർ 4:31–32

ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദൂർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ.

–കൊലോസ്സ്യർ 3:8

പ്രിയസഹോദരന്മാരെ , നിങ്ങൾ അതു അറിയുന്നുവല്ലോ, എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല.

– യാക്കോബ്. 1:19–20

# ⊱ അഭിഷേകം ⊰

യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു; അവൻ തന്റെ വിശുദ്ധ സ്വർഗ്ഗത്തിൽനിന്നു തന്റെ വലങ്കയ്യുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ അവന്നു ഉത്തരമരുളും.

– സങ്കീർത്തനങ്ങൾ 20:6

എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു;

– സങ്കീർത്തനങ്ങൾ 23:5

നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ടു ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു.

–സങ്കീർത്തനങ്ങൾ 45:7

എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.

– സങ്കീർത്തനങ്ങൾ 92:10

അന്നാളിൽ അവന്റെ ചുമടു നിന്റെ തോളിൽനിന്നും അവന്റെ നുകം നിന്റെ കഴുത്തിൽ നിന്നും നീങ്ങിപ്പോകും. പുഷ്ടി നിമിത്തം നുകം തകർന്നുപോകും.

–യെശയ്യാവ് 10:27

എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു;

– യെശയ്യാവു 61:1

വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്കു എണ്ണ തേച്ചു സൗഖ്യം വരുത്തുകയും ചെയ്തു.

– മർക്കോസ് 6:13

ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ.

– 2 കൊരിന്ത്യർ 1:21

നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു.

– 1 യോഹന്നാൻ 2:20

അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയായാലും അതു ഭോഷ്കല്ല സത്യം തന്നെ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ.

– 1 യോഹന്നാൻ 2:27

# ആകുലചിന്തയും ഉത്കണ്ഠയും

ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു; ഭ്രമിക്കയുമരുതു; നിന്റെ ദൈവമായ യഹോവ യഹോവ തന്നെ നിന്നോടുകൂടെ പോരുന്നു. അവൻ നിന്നെ കൈവിടുകയില്ല.

– ആവർത്തനം 31:6

നീ എനിക്കുത്തരമരുളുകയാൽ എന്റെ കഷ്ടദിവസത്തിൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു.

– സങ്കീർത്തനം 86:7

ദൈവമേ എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. ... വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.

–സങ്കീർത്തനം 139:23–24

അരിഷ്ടന്റെ ജീവനാൾ ഒക്കെയും കഷ്ടകാലം; സന്തുഷ്ട ഹൃദയനോ നിത്യം ഉത്സവം.

–സദൃശ്യവാക്യങ്ങൾ 15:15

വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം നീട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?

– മത്തായി 6:27

ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു. ...മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

– മത്തായി 6:31,33

അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി.

– മത്തായി. 6:34

ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർക്കുന്നതാക്കുന്നു.

– മർക്കോസ് 4:19

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. ...എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.

– ഫിലിപ്പിയർ 4:6–7

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.

– 1 പത്രൊസ്. 5:7

# വിശ്വാസികളുടെ അധികാരം

ബലവാനെ പിടിച്ചുകെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം.

- മത്തായി 12:29

സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും.

- മത്തായി. 16:19

യേശു അടുത്തു ചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.

-മത്തായി. 28:18-19

ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു.

-മത്തായി. 16:17-18

പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.

– ലൂക്കോ. 10:19

അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചയ്ക്കും, അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിലും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു.

– എഫേസ്യർ 1:20–22

ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.

– യാക്കോബ്. 4:7

# ⊱ ഒത്തുതീർപ്പ് ⊰

നീ ചെല്ലുന്ന ദേശത്തിലെ നിവാസികളോടു നീ ഒരു ഉടമ്പടി ചെയ്യാതിരിപ്പാൻ കരുതിക്കൊൾക; അല്ലാഞ്ഞാൽ അതു നിന്റെ മദ്ധ്യേ ഒരു കണി ആയിരിക്കും

– പുറപ്പാട് 34:12

ദുഷ്ടന്മാരുടെ ആലോചപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും

– സങ്കീർത്തനങ്ങൾ 1:1

അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂർണ്ണഹൃദയ ത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ.

– സങ്കീർത്തനങ്ങൾ 119:2–3

ദുഷ്ടന്റെ മുമ്പിൽ കുലുങ്ങിപ്പോയ നീതിമാൻ കലങ്ങിയ കിണറ്റിനും മലിനമായ ഉറവിനും സമം.

– സദൃശ്യവാക്യങ്ങൾ 25:26

പൌലൂസ് ന്യായാധിപസംഘത്തെ ഉറ്റുനോക്കി; സഹോദരന്മാരെ ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു.

– അപ്പോസ്തല പ്രവൃത്തികൾ 23:1

അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം.

– 1 തിമൊഥെയോസ് 3:9

പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു.

- എബ്രായർ 11-25

നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻതക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

- 1 പത്രൊസ്. 2:9

# ധാർമ്മിക ഉത്തരവാദിത്വം

നമ്മുടെ ദൈവമായ യഹോവയോടു ഞാൻ വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളൂ?

– ആവർത്തനം 4:7

എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൌഖ്യം വരുത്തിക്കൊടുക്കും.

– 2 ദിനവൃത്താന്തം 7:14

യരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ; നിന്നെ സ്നേഹിക്കുന്നവർ സ്വൈര്യമായിരിക്കട്ടെ. നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ.

– സങ്കീർത്തനം 122:6–7

നേരുള്ളവരുടെ അനുഗ്രഹംകൊണ്ടു പട്ടണം അഭ്യുദയം പ്രാപിക്കുന്നു; ദുഷ്ടന്മാരുടെ വായ്കൊണ്ടോ അതു ഇടിഞ്ഞു പോകുന്നു.

– സദൃശ്യവാക്യങ്ങൾ 11:11

മകനേ, യഹോവയെയും രാജാവിനെയും ഭയപ്പെടുക; മത്സരികളോടു ഇടപെടരുതു.

– സദൃശ്യവാക്യങ്ങൾ 24:21

ന്യായപ്രമാണത്തെ പ്രമാണിക്കുന്നവൻ ബുദ്ധിയുള്ള മകൻ; അതിഭക്ഷകന്മാർക്കു സഖിയായവനോ അപ്പനെ അപമാനിക്കുന്നു.

– സദൃശ്യവാക്യങ്ങൾ 28:7

ഞാൻ നിങ്ങളെ ബദ്ധന്മാരായി കൊണ്ടുപോകുമാറാക്കിയ പട്ടണത്തിന്റെ നന്മ അന്വേഷിച്ചു അതിനുവേണ്ടി യഹോവയോടു പ്രാർത്ഥിപ്പിൻ; അതിന്നു നന്മ ഉണ്ടെങ്കിൽ നിങ്ങൾക്കും നന്മ ഉണ്ടാകും.

– യിരെമ്യാവു 29:7

എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിന്നു ള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ അവരോടു പറഞ്ഞു.

– മത്തായി 22:21

എല്ലാ മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.

– റോമർ 13:1

എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം.

– റോമർ 13:7

എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും

പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു.

– 1 തിമൊഥെയൊസ് 2:1–3

വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക.

– തീത്തൊസ് 3:1–2

സകല മാനുഷ നിയമത്തിന്നും കർത്താവിൽ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നുവെച്ചു രാജാവിന്നും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിന്നും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതെക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരെയും ബഹുമാനിപ്പിൻ; സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിപ്പിൻ.

– 1 പത്രൊസ് 2:13–17

# ഏറ്റുപറയൽ

***ഭർത്താക്കന്മാർക്കുവേണ്ടിയുള്ള ഏറ്റുപറയൽ***

ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും.

– യോശുവ 24:15

ദയയും വിശ്വസ്ഥതയും നിന്നെ വിട്ടു പോകരുതു; അവയെ നിന്റെ കഴുത്തിൽ കെട്ടിക്കൊൾക; നിന്റെ ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊൾക.

– സദൃശ്യവാക്യങ്ങൾ 3:3

സൂര്യനു കീഴെ അവൻ നിനക്കു നല്കിയിരിക്കുന്ന മായയായുള്ള ആയുഷ്ക്കാലത്തൊക്കെയു നീ സ്നേഹിക്കുന്ന ഭാര്യയോടുകൂടെ മായയായുള്ള നിന്റെ ആയുഷ്ക്കാലമൊക്കെയും സുഖിച്ചുകൊൾക. അതല്ലോ ഈ ആയുസ്സിലും സൂര്യന്റെ കീഴിൽ നീ ചെയ്യുന്ന പ്രയത്നത്തിലും നിനക്കുള്ള ഓഹരി.

– സഭാപ്രസംഗി 9:9

സൃഷ്ടിയുടെ ആരംഭത്തിങ്കലോ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി. അതുകൊണ്ടു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും; അങ്ങനെ അവർ പിന്നെ രണ്ടല്ല ഒരു ദേഹമത്രേ.

– മർക്കൊസ്. 10:6–9

എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴഞ്ഞു പോകട്ടെ.

നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

- എഫേസ്യർ 4:31-32

ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കുന്നതിനും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുന്നിറുത്തേണ്ട തിന്നും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു.

- എഫേസ്യർ 5:25:28

ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്കു പറയരുതു; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ. ...അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു അന്യോന്യം പൊറുക്കുകയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ

- കൊലൊസ്സ്യർ 3:8-10, 12-14

വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും

– എബ്രായർ 14:4

എന്നാൽ നിങ്ങൾ രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ.

– യാക്കോബ് 5:16

അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേണ്ടതിന്നു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നു അവർ ജീവന്റെ കൃപെക്കു കൂട്ടവകാശികൾ എന്നു ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ.

– 1 പത്രൊസ് 3:7

### *ഭാര്യമാർക്കുവേണ്ടിയുള്ള ഏറ്റുപറച്ചിൽ*

സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്നു ഒരു കിരീടം; നാണം കെട്ടവളോ അവന്റെ അസ്ഥികൾക്കു ദ്രവത്വം

- സദൃശ്യവാക്യങ്ങൾ 12:4

ഭവനവും സമ്പത്തും പിതാക്കന്മാർ വെച്ചേക്കുന്ന അവകാശം; ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം.

- സദൃശ്യവാക്യങ്ങൾ 19:14

സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും. ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു; അവന്റെ ലാഭത്തിന്നു ഒരു കുറവുമില്ല. അവൾ തന്റെ ആയുഷ്ക്കാലമൊക്കെയും അവന്നു തിന്മയല്ല നന്മ തന്നെ ചെയ്യുന്നു.

- സദൃശ്യവാക്യങ്ങൾ 31:10-12

അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു; ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ടു.

- സദൃശ്യവാക്യങ്ങൾ 31:26

ആകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

- 1 കൊരിന്ത്യർ 6:20

ഭർത്താവു ഭാര്യക്കും ഭാര്യ ഭർത്താവിന്നും കടംപെട്ടിരിക്കു ന്നതു ചെയ്യട്ടെ.

- 1 കൊരിന്ത്യർ 7:3

ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല

ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല; ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ അതു നീങ്ങിപ്പോകും, ഭാഷാവരമോ അതു നിന്നുപോകും. ജ്ഞാനമോ അതു നീങ്ങിപ്പോകും

– 1 കൊരിന്ത്യർ 13:1–8

ഈ മർമ്മം വിലയേറിയതു ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു. എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു.

– എഫേസ്യർ 5:33

ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർദ്ധന വരുത്തിയും പോരുവിൻ... ആരും തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാപേരോടും എപ്പോഴും നന്മ ചെയ്തു കൊണ്ടിരിപ്പിൻ. എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം.

– 1 തെസ്സലോനിക്യർ 5:11, 15–18

അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദന്മാരും എല്ലാറ്റിലും വിശ്വസ്തന്മാരു മായിരിക്കേണം.
– 1 തിമൊഥെയൊസ് 3:11

ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിനു യൌവനക്കാരത്തികളെ ഭർത്തൃപ്രിയന്മാരും പുത്രപ്രിയന്മാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.
– തീത്തൊസ് 2:4–5

ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയി രിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുന്നതു.
1 പത്രൊസ് 3:1–5

കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല. പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക.
1 യോഹ. 3:18

## *മാതാപിതാക്കൾക്കു വേണ്ടിയുള്ള ഏറ്റുപറച്ചിൽ*

നീ ദീർഘായുസ്സോടിരിക്കേണ്ടതിന്നുമായി നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു ഉപദേശിച്ചു തരുവാൻ കല്പിച്ചിട്ടുള്ള കല്പനകളും ചട്ടങ്ങളും വിധികളും ഇവ ആകുന്നു... നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം.

– ആവർത്തനപുസ്തകം 6:2, 5

ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന നിന്റെ ദൈവ മായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്റെ വാലല്ല, തല ആക്കും; നീ ഉയർച്ച തന്നെ പ്രാപിക്കും; താഴ്ച പ്രാപിക്കയില്ല.

– ആവർത്തനപുസ്തകം 28:13

ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വെക്കുന്നു; അതുകൊണ്ടു നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിന്നും യഹോവ നിന്റെ പിതാക്കന്മാരായ അബ്രാഹാമിന്നു യിസ്ഹാക്കിന്നും യാക്കോബിന്നും കൊടുക്കുമെന്നു സത്യം ചെയ്ത ദേശത്തു നീ പാർപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്കു കേട്ടനുസരിക്കയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിന്നും ജീവനെ തിരഞ്ഞെടുത്തുകൊൾക; അതല്ലോ നിനക്കു ജീവനും ദീർഘായുസ്സും ആകുന്നു.

– ആവർത്തനപുസ്തകം 30:19–20

നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും.

– യെശയ്യാവ് 54:13

മക്കളുടെ മക്കൾ വൃദ്ധന്മാർക്കു കിരീടമാകുന്നു; മക്കളുടെ മഹത്വം അവരുടെ അപ്പന്മാർ തന്നെ.

- സദൃശ്യവാക്യങ്ങൾ 17:6

അവളുടെ മക്കൾ എഴുന്നേറ്റു അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നതു

- സദൃശ്യവാക്യങ്ങൾ 31:28

യിസ്രായേൽ ഗൃഹമേ, കളിമണ്ണു കുശവന്റെ കയ്യിൽ ഇരിക്കുന്നതുപോലെ നിങ്ങൾ എന്റെ കയ്യിൽ ഇരിക്കുന്നു.

- യിരെമ്യാവു 18:6

നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനോടു നന്മെക്കായിട്ടു ആത്മിക വർദ്ധനെക്കു വേണ്ടി പ്രസാദിപ്പിക്കേണം.

- റോമർ 15:2

വഞ്ചിക്കപ്പെടരുതു, ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു.

- റോമർ 15:33

നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തൊരു ചേർച്ച?

- 2 കൊരിന്ത്യർ 6:14

ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു.

- ഗലാത്യർ 5:16

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും

ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നു അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.

– എഫേസ്യർ 1:17–19

മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. "നിനക്കു നന്മ ഉണ്ടാകുവാനും നിന്റെ അപ്പനെയും അമ്മയെ ബഹുമാനിക്ക" എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു.

– എഫേസ്യർ 6:1–3

പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ

– എഫേസ്യർ 6:4

വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ

– ഫിലിപ്പിയർ 2:14

സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ നിമിത്തം, എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ...അതുകൊണ്ടു ഞങ്ങൾ അതു കേട്ടനാൾ മുതൽ നിങ്ങൾക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു. നിങ്ങൾ

പൂർണ്ണപ്രസാദത്തിന്നായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്നു, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ടു നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെ ക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണുതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണശക്തി യോടെ ബലപ്പെടേണമെന്നു വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.

കൊലോസ്സ്യർ 1:3, 5, 9–14

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക.

– 2 തിമൊഥെയൊസ് 2:15

ജ്ഞാനി ഭയപ്പെട്ടു ദോഷം അകറ്റി നടക്കുന്നു; ഭോഷനോ ധിക്കാരം പൂണ്ടു നിർഭയനായി നടക്കുന്നു.

– സദൃശ്യവാക്യങ്ങൾ 14:16

## *വിവാഹം ചെയ്യാത്തവർക്കുവേണ്ടിയുള്ള ഏറ്റുപറച്ചിൽ*

നീയോ യഹോവേ എനിക്കു ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു. ഞാൻ യഹോവയോടു ഉറക്കെ നിലവിളിക്കുന്നു. അവൻ തന്റെ വിശുദ്ധ പർവ്വതത്തിൽനിന്നു ഉത്തരം അരുളുകയും ചെയ്യുന്നു.

– സങ്കീർത്തനങ്ങൾ 3:3–4

ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നെ.

– സങ്കീർത്തനങ്ങൾ 27:4

യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വെക്കുക.

– സങ്കീർത്തനങ്ങൾ 27:14

ദുഷ്പ്രവർത്തിക്കാരുടെ നിമിത്തം നീ മുഷിയരുതു; നീതികേടു ചെയ്യുന്നവരോടു അസൂയപ്പെടുകയുമരുതു.

– സങ്കീർത്തനങ്ങൾ 37:1

യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്ത ആചരിക്ക; യഹോവയിൽ തന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക:

– സങ്കീർത്തനങ്ങൾ 37:3–5

നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.

– സങ്കീർത്തനങ്ങൾ 55:22

അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്നു ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും. ദീർഘായുസ്സുകൊണ്ടു ഞാൻ അവന്നു തൃപ്തി വരുത്തും; എന്റെ രക്ഷയെ അവന്നു കാണിച്ചുകൊടുക്കും.

– സങ്കീർത്തനങ്ങൾ 91:14–16

ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലതു; ഗർവ്വമാനസനെക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ. നിന്റെ മനസ്സിൽ അത്രവേഗം നീരസം ഉണ്ടാകരുതു; മൂഢന്മാരുടെ മാർവ്വിൽ അല്ലോ നീരസം വസിക്കുന്നതു.

– സഭാപ്രസംഗി 7:8–9

ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്റെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ.

–യെശയ്യാവ് 43:1–3

എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ

കർത്താവിന്റെ ആത്മാവു എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ മഹത്വീകരിക്കപ്പെടേണ്ടതിന്നു അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും.

–യെശയ്യാവു 61:1–3

അന്നു കന്യകയും യൌവനക്കാരും വൃദ്ധന്മാരും ഒരുപോലെ നൃത്തം ചെയ്തു സന്തോഷിക്കും; ഞാൻ അവരുടെ ദുഃഖം മാറ്റി സന്തോഷമാക്കും; ഞാൻ അവരെ ആശ്വസിപ്പിച്ചു സങ്കടംപോക്കിസന്തോഷിപ്പിക്കും. ഞാൻ പുരോഹിതന്മാരുടെ പ്രാണനെ പുഷ്ടികൊണ്ടു തണുപ്പിക്കും.

– യിരെമ്യാവു 31:13

ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടും സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാന ത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.

– മത്തായി 28:20

നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു.

– മത്തായി. 8:25

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ

– 1 പത്രൊസ് 5:7

## *കുടുംബത്തിനുവേണ്ടിയുള്ള ഏറ്റുപറച്ചിൽ*

ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.

– യോശുവ 24:15

ജ്ഞാനംകൊണ്ടു ഭവനം പണിയുന്നു; വിവേകംകൊണ്ടു അതു സ്ഥിരമായി വരുന്നു. പരിജ്ഞാനംകൊണ്ടു അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സകല സമ്പത്തും നിറഞ്ഞുവരുന്നു. ജ്ഞാനിയായ പുരുഷൻ ബലവാനാകുന്നു.

– സദൃശ്യവാക്യങ്ങൾ 24:3–4

നിങ്ങൾക്കു ആത്മികവർദ്ധന വരുത്തുവാനും സകല വിശദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു.

– അപ്പോസ്തല പ്രവൃത്തികൾ 20:32

സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ.

– എഫേസ്യർ 1:3

അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ ഹമ്മിൽ ക്ഷമിക്കയും ചെയ്വിൻ. കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ; എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ

ബന്ധമായ സ്നേഹം ധരിപ്പിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിന്നല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നതു. നന്ദിയുള്ളവരായും ഇരിപ്പിൻ.

കൊലൊസ്സ്യർ 3:13–15

പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. ...പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചുഎങ്കിൽ നമുക്കു അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു.

– 1 യോഹന്നാൻ 4:7, 11

പ്രിയനേ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

3 യോഹന്നാൻ 2 & ആവർത്തനം 28:8, 11–12

## *ഏറ്റുപറച്ചിൽ എന്ന വാക്കിനെപ്പറ്റി ബൈബിൾ എന്തു പറയുന്നു.*

ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും.

– യോശുവ 1:8

നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

– സങ്കീർത്തനങ്ങൾ 119:105

ഇപ്പോൾ എല്ലാം കണ്ടു കൊൾക; നിങ്ങൾ തന്നെ അതു പ്രസ്താവിക്കയില്ലയോ? ഇന്നുമുതൽ ഞാൻ പുതിയതു, നീ അറിയാതെ മറഞ്ഞിരിക്കുന്നതു തന്നെ നിന്നെ കേൾപ്പിക്കുന്നു. ഞാൻ അതു അറിഞ്ഞുവല്ലോ എന്നു നീ പറയാതെ ഇരിക്കേണ്ടതിന്നു അതു പണ്ടല്ല, ഇപ്പോൾ തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; ഇന്നേ ദിവസത്തിന്നു മുമ്പു നീ അതിനെക്കുറിച്ചു ഒന്നും കേട്ടിട്ടില്ല.

– യെശയ്യാവ് 48:6–7

എന്റെ വായിൽനിന്നു പറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.

– യെശയ്യാവ് 55:11

യഹോവ എന്നോടു: നീ കണ്ടതു ശരി തന്നേ; എന്റെ വചനം നിവർത്തിക്കേണ്ടതിന്നു ഞാൻ ജാഗരിച്ചുകൊള്ളും എന്നു അരുളിച്ചെയ്തു.

– യിരെമ്യാവ് 1:12

മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെ പ്പോലെ വിളിക്കയും ചെയ്യുന്നവനായി ഞാൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു" എന്നു എഴുതിയിരിക്കുന്നുവല്ലോ.

– റോമർ 4:17

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനേക്കാളും മൂർച്ചയേറി യതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജ കളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.

– എബ്രായർ 4:12

മുമ്പിലത്തെ കഷ്ടങ്ങൾ മറന്നു പോകയും അവ എന്റെ കണ്ണിനു മറഞ്ഞിരിക്കയും ചെയ്കകൊണ്ടു ഭൂമിയിൽ തന്നെത്താൻ അനുഗ്രഹിക്കുന്നവൻ സത്യദൈവത്താൽ തന്നേത്താൻ അനുഗ്രഹിക്കും; ഭൂമിയിൽ സത്യം ചെയ്യുന്നവൻ സത്യദൈവത്തെച്ചൊല്ലി സത്യം ചെയ്യും.

– യെശയ്യാവു 65:16

ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ടു ഈ മലയോടു നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ

സത്യമായിട്ടു നിങ്ങളോടു പറയുന്നു. അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

– മർക്കൊസ് 11:23

ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയൊരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക.

– എബ്രായർ 4:14

പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.

– എബ്രായർ 10:23

# ഉറപ്പ്

നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ. - യോശുവ 1:9

നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.
- സങ്കീർത്തനങ്ങൾ 18:29

യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക - സങ്കീർത്തനങ്ങൾ 37:3

എന്റെ മനസ്സു ഉറെച്ചിരിക്കുന്നു; ദൈവമേ, എന്റെ മനസ്സു ഉറെച്ചിരിക്കുന്നു. ഞാൻ പാടും; ഞാൻ കീർത്തനം ചെയ്യും.
- സങ്കീർത്തനങ്ങൾ 57:7

സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ - സങ്കീർത്തനങ്ങൾ 84:12

യഹോവേ എന്റെ ഹൃദയം ഗർവ്വിച്ചിരിക്കുന്നില്ല; ഞാൻ നിഗളിച്ചു നടക്കുന്നില്ല; എന്റെ ബുദ്ധിക്കെത്താത്ത വങ്കാര്യങ്ങളിലും അത്ഭുതവിഷയങ്ങളിലും ഞാൻ ഇടപെടുന്നതുമില്ല. ഞാൻ എന്റെ പ്രാണനെ താലോലിച്ചു മിണ്ടാതാക്കിയിരിക്കുന്നു; തന്റെ അമ്മയുടെ അടുക്കൽ മുലകുടി മാറിയ പൈതൽ എന്ന പോലെ എന്റെ പ്രാണൻ എന്റെ അടുക്കൽ മുലകുടി മാറിയതുപോലെ ആകുന്നു.
- സങ്കീർത്തനങ്ങൾ 131:1–2

മാനുഷഭയം ഒരു കണി ആകുന്നു; യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷ പ്രാപിക്കും.
- സദൃശ്യവാക്യങ്ങൾ 29:25

സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.
- യെശയ്യാവു 26:3

യിസ്രായേലിന്റെ പരിശുദ്ധനായ യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു. മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ അല്ല.
- യെശയ്യാവു 30:15

ഞാനോ യഹോവയിങ്കലേക്കു നോക്കും; എന്റെ രക്ഷയുടെ ദൈവത്തിന്നായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. - മീഖാ. 7:7

ഞാൻ നിങ്ങൾക്കു എല്ലാവർക്കുംവേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. - ഫിലിപ്പിയർ 1:6

ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ.
- ഫിലിപ്പിയർ 3:3

അതുകൊണ്ടു കരുണ ലഭിപ്പാനും തക്കസമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.
- എബ്രായർ 4:16

അതുകൊണ്ടു മഹാപ്രതിഫലം ഉള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുതു. - എബ്രായർ 10:35

# സംതൃപ്തി

അളവുനൂൽ എനിക്കു മനോഹരദേശത്തു വീണിരിക്കുന്നു; അതേ, എനിക്കു നല്ലോരവകാശം ലഭിച്ചിരിക്കുന്നു.

– സങ്കീർത്തനങ്ങൾ 16:6

ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.

– സങ്കീർത്തനങ്ങൾ 17:15

നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തെക്കാൾ ഉത്തമമല്ലോ;

– സങ്കീർത്തനങ്ങൾ 84:10

യഹോവേ, നിന്റെ പ്രവൃത്തികൊണ്ടു നീ എന്നെ സന്തോഷിപ്പിക്കുന്നു; ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളെ കുറിച്ചു ഘോഷിച്ചുല്ലസിക്കുന്നു. ... യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു; നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നെ.

– സങ്കീർത്തനങ്ങൾ 92:4–5

ഞാൻ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. അവൻ ആർത്തിയുള്ളവന്നു തൃപ്തിവരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ടു നിറെക്കുകയും ചെയ്യുന്നു.

– സങ്കീർത്തനങ്ങൾ 107:8–9

ശാന്തമനസ്സു ദേഹത്തിനു ജീവൻ; അസൂയയോ അസ്ഥികൾക്കു ദ്രവത്വം .

– സദൃശ്യവാക്യങ്ങൾ 14:30

യേശു അവരോടു പറഞ്ഞതു: ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല.

– യോഹന്നാൻ 6:35

നിങ്ങൾ പിന്നെയും എനിക്കുവേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വളരെ സന്തോഷിച്ചു. മുമ്പെ തന്നെ നിങ്ങൾക്കു വിചാരമു ണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല.

– ഫിലിപ്പിയർ 4:10–11

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണമായി തീർത്തുതരും.

– ഫിലിപ്പിയർ 4:19

അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം അകന്നു താനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക.

– 1 തിമൊഥെയൊസ് 6:6–8

നിങ്ങളുടെ നല്ല നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ, "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല"എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും എന്നു നമുക്കു ധൈര്യത്തോടെ പറയാം.

– എബ്രായർ 13:5–6

# നിയന്ത്രണം

അതിനു പത്രൊസും ശേഷം അപ്പൊസ്തലന്മാരും: മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു.
- അപ്പോസ്തല പ്രവർത്തികൾ 5:29

നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല.
- റോമർ 8:9

നിങ്ങളോ മനുഷ്യർ കഴിക്കുന്ന നല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നതു എനിക്കു എത്രയും ലഘു കാര്യം; ഞാൻ എന്നെത്തന്നെ വിധിക്കുന്നതുമില്ല. എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല.:
- 1 കൊരിന്ത്യർ 4:3-4

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു;
-2 കൊരിന്ത്യർ 5:14

ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.
- ഗലാത്യർ 1:10

നിങ്ങൾ പൂർണ്ണപ്രസാദത്തിനായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്നു, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ടു നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചു പരിജ്ഞാനത്തിൽ വളരേണമെന്നും
- കൊലൊസ്സ്യർ 2:4

# ⊹ ഉറപ്പ് ⊹

ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു, ഭ്രമിക്കയുമരുതു; നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല.

– ആവർത്തനം 31:6

നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊ ക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുളളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ.

– യോശുവ 1:9

ഉറപ്പും ധൈര്യവും ഉള്ളവരായിരിപ്പിൻ; അശൂർ രാജാവിനെയും അവനോടുകൂടെയുള്ള സകല പുരുഷാരത്തെയും ഭയപ്പെടരുതു; നിങ്ങൾ ഭ്രമിക്കരുതു; അവനോടുകൂടെയുള്ളതിലും വലിയൊരുവൻ നമ്മോടുകൂടെ ഉണ്ടു. അവനോടുകൂടെ മാംസഭുജമേയുള്ളൂ; നമ്മോടുകൂടെയോ നമ്മെ സഹായിപ്പാനും നമ്മുടെ യുദ്ധങ്ങളെ നടത്തുവാനും നമ്മുടെ ദൈവമായ യഹോവ ഉണ്ടു എന്നു പറഞ്ഞു.

– 2 ദിനവൃത്താന്തം 32:7–8

യഹോവയിങ്കൽ പ്രത്യേശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവെക്കുക.

– സങ്കീർത്തനങ്ങൾ 27:14

യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ; ധൈര്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറെച്ചിരിക്കട്ടെ

– സങ്കീർത്തനങ്ങൾ 31:24

ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കേണ്ട എന്നു പറഞ്ഞു

– മത്തായി 14:27

ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.

– 1 കൊരിന്ത്യർ 15:58

**ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാ ണിപ്പിൻ; ശക്തിപ്പെടുവിൻ.**

- 1 കൊരിന്ത്യർ 16:13

ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; ശക്തിപ്പെടുവിൻ; നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ

– 1 യോഹന്നാൻ 5:14

# വിഷാദം

യഹോവ തന്നേ നിനക്കു മുമ്പായി നടക്കുന്നു; അവൻ നിന്നോടുകൂടെ ഇരിക്കും; നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല; നീ പേടിക്കരുതു, ഭ്രമിക്കയുമരുതു.

– ആവർത്തനപുസ്തകം 31:8

നീയോ യഹോവേ, എനിക്കു ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു.

– സങ്കീർത്തനങ്ങൾ 3:3

യഹോവയുടെ കണ്ണു നീതിമാൻമാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു... നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു. സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു.

– സങ്കീർത്തനങ്ങൾ 34:15,17

ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരിക്കുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എൻ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നെ.

– സങ്കീർത്തനങ്ങൾ 40:1–3

എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്ന തെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

– സങ്കീർത്തനങ്ങൾ 42:5

എന്റെ ദൈവമേ, എന്റെ ആത്മാവു എന്നിൽ വിഷാദിച്ചിരിക്കുന്നു; അതുകൊണ്ടു യോർദ്ദാൻ പ്രദേശത്തും ഹെർമ്മോൻ പർവ്വതങ്ങളിലും മിസാർമലയിലുംവെച്ചു ഞാൻ നിന്നെ ഓർക്കുന്നു. ... യഹോവേ പകൽനേരത്തു തന്റെ ദയ കല്പിക്കും; രാത്രി സമയത്തു ഞാൻ അവന്നു പാടിക്കൊണ്ടിരിക്കും. എന്റെ ജീവന്റെ ദൈവത്തോടുള്ള പ്രാർത്ഥന തന്നെ...എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശവെക്കുക; അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു. എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

– സങ്കീർത്തനങ്ങൾ – 42:6, 8, 11

ഞാൻ എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു, എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു തന്നേ നിലവിളിക്കും; അവൻ എനിക്കു ചെവിതരും.

– സങ്കീർത്തനങ്ങൾ 77:1

അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്നു ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.

– സങ്കീർത്തനങ്ങൾ 91:14–16

ഭയപ്പെടേണ്ട, നീ ലജ്ജിച്ചുപോകയില്ല; ഭ്രമിക്കേണ്ട, നീ നാണിച്ചുപോകയില്ല; നിന്റെ യൗവനത്തിലെ ലജ്ജ നീ മറക്കും, നിന്റെ വൈധവ്യത്തിലെ നിന്ദ ഇനി ഓർക്കയുമില്ല.

– യെശയ്യാവ് 54:4

എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; ഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു.

– യെശയ്യാവ് 60:1

എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തീതൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു. അവന്റെ വരവിനാൽ മാത്രമല്ല, അവന്നു നിങ്ങളെ ക്കൊണ്ടു ലഭിച്ച ആശ്വാസത്താലും കൂടെ.

– 2 കൊരിന്ത്യർ 7:6

അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.

– 1 പത്രൊസ് 5:6, 7

# ഉറപ്പുവരുത്തുക

യൌവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

– യെശയ്യാവു 40:31

ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു.

– 1 കൊരിന്ത്യർ 2:2

ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ.

– കൊലൊസ്സ്യർ 3:2

എന്നാൽ സഹോദരന്മാരേ, അതിൽനിങ്ങൾ അധികമായി വർദ്ധിച്ചുവരേണം എന്നും പുറത്തുള്ളവരോടു മര്യാദയായി നടപ്പാനും ഒന്നിനും മുട്ടില്ലാതിരിപ്പാനും വേണ്ടി ഞങ്ങൾ നിങ്ങളോടു ആജ്ഞാപിച്ചതുപോലെ അടങ്ങിപ്പാർപ്പാനും സ്വന്തകാര്യം നോക്കുവാനും സ്വന്ത കൈകൊണ്ടു വേല ചെയ്വാനും അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കണം.

1 തെസ്സലൊനിക്യർ 4:11–12

മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, എന്നിവയെ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം

കഴിച്ചുവല്ലോ. നീ നിഷ്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചുകൊള്ളേണം എന്നിങ്ങനെ സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും പൊന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ച ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു.

1 തിമൊഥിയോസ് 6:11–14

ലോകത്തിൽ നിങ്ങൾക്കു സഹോദരവർഗ്ഗത്തിനു ആവക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോടു എതിർത്തു നില്പിൻ.

1 പത്രൊസ് 5:9

# ജാഗ്രത

നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു അവന്നു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു.

– പുറപ്പാട് 15:26

കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിന്റെ ആയുഷ്ക്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽനിന്നും വിട്ടുപോകാതെയും ഇരിപ്പാൻ മാത്രം സൂക്ഷിച്ചു നിന്നെത്തന്നെ ജാഗ്രതയോടെ കാത്തുകൊൾക; നിന്റെ മക്കളോടും മക്കളുടെ മക്കളോടും അവയെ ഉപദേശിക്കേണം.

– ആവർത്തനപുസ്തകം 4:9

നിന്റെ പ്രമാണങ്ങളെ കൃത്യമായി ആചരിക്കേണ്ടതിന്നു നീ അവയെ കല്പിച്ചു തന്നിരിക്കുന്നു. നിന്റെ ചട്ടങ്ങളെ ആചരിക്കേണ്ടതിന്നു എന്റെ നടപ്പു സ്ഥിരമായെങ്കിൽ കൊള്ളാമായിരുന്നു.

– സങ്കീർത്തനങ്ങൾ 119:4

സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

– സദൃശ്യവാക്യങ്ങൾ 4:23

എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും.

- സദൃശ്യവാക്യങ്ങൾ 8:17

മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരുന്നു; ഉത്സാഹിയുടെ കയ്യോ സമ്പത്തുണ്ടാക്കുന്നു.

- സദൃശ്യവാക്യങ്ങൾ 10:4

ഉത്സാഹിയുടെ കൈ അധികാരം നടത്തും; മടിയനോ ഊഴിയവേലെക്കു പോകേണ്ടിവരും.

- സദൃശ്യവാക്യങ്ങൾ 12:24

മടിയൻ കൊതിച്ചിട്ടും ഒന്നും കിട്ടുന്നില്ല; ഉത്സാഹിയുടെ പ്രാണനോ പുഷ്ടിയുണ്ടാകും.

- സദൃശ്യവാക്യങ്ങൾ 13:4

ഉത്സാഹിയുടെ വിചാരങ്ങൾ സമൃദ്ധിഹേതുകങ്ങൾ ആകുന്നു; ബദ്ധപ്പാടുകാരൊക്കെയും ബുദ്ധിമുട്ടിലേക്കത്രേ ബദ്ധപ്പെടുന്നതു.

- സദൃശ്യവാക്യങ്ങൾ 21:5

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

- എബ്രായർ 11:6

# അധൈര്യവും നിരാശയും

നീയോ യഹോവേ, എനിക്കു ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു.

– സങ്കീർത്തനങ്ങൾ 3:3

നീ എന്റെ വിലാപത്തെ നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൗനമായരിക്കാതെ നിനക്കു സ്തുതി പാടേണ്ടതിനു തന്നെ. എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്കു സ്തോത്രം ചെയ്യും.

– സങ്കീർത്തനങ്ങൾ 30:11–12

മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.

– യോഹന്നാൻ 10:10

നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.

– യോഹന്നാൻ 16:33

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.

– റോമർ 8:28

ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിന്നു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

– 2 കൊരിന്ത്യർ 1:4

ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല.

– 2 കൊരിന്ത്യർ 4:8

അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറകെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം.

– 2 കൊരിന്ത്യർ 4:16–17

അവൻ എന്നോടു: എന്റെ കൃപ നിനക്കുമതി ; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

– 2 കൊരിന്ത്യർ 12:9

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.

– ഫിലിപ്പിയർ 4:13

# വികാരം

ദുഷ്ടന്റെ ദുഷ്ടത തീർന്നുപോകട്ടെ; നീതിമാനെ നീ ഉറപ്പിക്കേണമേ. നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധനചെയ്യുന്നുവല്ലോ.

– സങ്കീർത്തനം 7:9

അവന്റെ കോപം ക്ഷണനേരത്തേക്കുള്ളൂ; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളതു; സന്ധ്യയിങ്കൽ കരച്ചൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.

– സങ്കീർത്തനം 30:5

ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ: മനസ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു.

– സങ്കീർത്തനം 34:18

എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു എന്നങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

– സങ്കീർത്തനം 42:5

സന്തോഷവും ആനന്ദവും എന്നെ കേൾക്കു മാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ... നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ.; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ

– സങ്കീർത്തനം 51:8, 12

നീ ശിക്ഷിക്കുന്നതും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

– സങ്കീർത്തനങ്ങൾ 94:13

മനംതകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.

- സങ്കീർത്തനങ്ങൾ 147:3

ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല.

- റോമർ 8:8

ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നതു; ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിപ്പിച്ചിട്ടുണ്ടു.

- ഫിലിപ്പിയർ 4:11

നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കവിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക.

- എബ്രായർ 4:15-16

ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിനു ആവക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നില്പിൻ.

- 1 പത്രൊസ് 5:9

# ധൈര്യപ്പെടുത്തലും സുഖവും

അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും.
– സങ്കീർത്തനങ്ങൾ 27:5

ഞാൻ നിന്റെ ദയയിൽ ആനന്ദിച്ചു സന്തോഷിക്കുന്നു; നീ എന്റെ അരിഷ്ടതയെ കണ്ടു എന്റെ പ്രാണസങ്കടങ്ങളെ അറിഞ്ഞിരിക്കുന്നു.
– സങ്കീർത്തനങ്ങൾ 31:7

അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ. എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നവർ ധിക്കാരം കാട്ടുമ്പോൾ അവൻ സ്വർഗ്ഗത്തിൽനിന്നു കൈനീട്ടി എന്നെ രക്ഷിക്കും.
– സങ്കീർത്തനങ്ങൾ 57:2–3

എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു; എന്റെ രക്ഷ അവങ്കൽനിന്നു വരുന്നു. അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം അവൻ തന്നെ. ഞാൻ ഏറെ കുലുങ്ങുകയില്ല.
– സങ്കീർത്തനങ്ങൾ 62:1–2

നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നതു എന്റെ കഷ്ടതയിൽ എനിക്കു ആശ്വാസമാകുന്നു.
– സങ്കീർത്തനങ്ങൾ 119:50

ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും; എന്റെ ശത്രുക്കളുടെ ക്രോധത്തിനു നേരെ നീ കൈ നീട്ടും; നിന്റെ വലങ്കൈ എന്നെ രക്ഷിക്കും. യഹോവ

എനിക്കുവേണ്ടി സമാപ്തിവരുത്തും; യഹോവേ നിന്റെ ദയ എന്നേക്കുമുള്ളതു. തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.

– സങ്കീർത്തനങ്ങൾ 138:7–8

മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

– 2 കൊരിന്ത്യർ 1:3–4

നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം.

– 2 കൊരിന്ത്യർ 4:17–18

നമ്മുടെ കർത്താവായ യേശുക്രിസ്തു താനും നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നല്കിയിരിക്കുന്ന നമ്മുടെ പിതാവായ ദൈവവും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുമാറാകട്ടെ.

– 2 തെസ്സലോനിക്യർ 2:16–17

# വിശ്വാസം

അവന്റെ മനസ്സു അവനിൽ അഹങ്കരിച്ചിരുന്നു; അതു നേരുള്ളതല്ല; നീതിമാനോ വിശ്വാസത്താൽ ജീവിക്കും.

– ഹബക്കൂക്ക് 2:4

നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെനിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്കു ഒന്നും അസാദ്ധ്യമാകയുമില്ല. (എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല) എന്നു ഞാൻ സത്യമായിട്ടു നിങ്ങോടു പറഞ്ഞു.

– മത്തായി. 17:20

ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

– മർക്കൊസ്. 11:23

അങ്ങനെ മനുഷ്യർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതികരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു.

– റോമർ 3:28

നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. അതു തന്നെ അല്ല,

– റോമർ 5:2

ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.

– റോമർ 10:17

എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അതു വിശ്വാസത്തിൽനിന്നു ഉത്ഭവിക്കായ്കകൊണ്ടു അവൻ കുറ്റക്കാരനായിരിക്കുന്നു. വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ.

– റോമർ 14:23

എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിനുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ.

– റോമർ 15:13

എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നതു.

– 1 കൊരിന്ത്യർ 2:5

കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു.

– 2 കൊരിന്ത്യർ 5:7

അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്ക പ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്ക ലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല.

– ഗലാത്യർ 3:24–25

അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ടു.

– എഫേസ്യർ 3:12

സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരുപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന രചിയ എടുത്തുംകൊണ്ടു നില്പിൻ

– എഫേസ്യർ 6:16

വിശ്വാസത്താൽ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ.

– 1 തിമൊഥെയൊസ് 6:12

തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക. പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.

– എബ്രായർ 10:20–22

വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.

ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു.

– എബ്രായർ 11:1, 3

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നേ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

– എബ്രായർ 11:6

അങ്ങനെ വിശ്വാസം പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു.

– യാക്കോബ് 2:17

# കനിവ്

ജീവനും കൃപയും നീ എനിക്കു നല്കി; നിന്റെ കടാക്ഷം എന്റെ ശ്വാസത്തെ പരിപാലിക്കുന്നു. - ഇയ്യോബ് 10:12

യഹോവേ നീ നീതിമാനേ അനുഗ്രഹിക്കും. പരിച കൊണ്ടെന്നപോലെ നീ ദയകൊണ്ടു അവനെ മറെക്കും.
- സങ്കീർത്തനങ്ങൾ 5:12

യഹോവേ നിന്റെ പ്രസാദത്താൽ നീ എന്റെ പർവ്വതത്തെ ഉറെച്ചു നില്ക്കുമാറാക്കി. നീ നിന്റെ മുഖത്തെ മറെച്ചു, ഞാൻ ഭ്രമിച്ചുപോയി. - സങ്കീർത്തനങ്ങൾ 30:7

നീ അവരുടെ ബലത്തിന്റെ മഹത്വമാകുന്നു; നിന്റെ പ്രസാദത്താൽ ഞങ്ങളുടെ കൊമ്പു ഉയർന്നിരിക്കുന്നു.
- സങ്കീർത്തനങ്ങൾ 89:17

അങ്ങനെ നീ ദൈവത്തിന്നും മനുഷ്യർക്കും ബോദ്ധ്യമായ ലാവണ്യവും സൽബുദ്ധിയും പ്രാപിക്കും.
- സദൃശ്യവാക്യങ്ങൾ 3:4

നന്മെക്കായി ഉത്സാഹിക്കുന്നവൻ രഞ്ജന സമ്പാദി ക്കുന്നു. തിന്മയെ തിരയുന്നവനോ അതു തന്നേ കിട്ടും.
- സദൃശ്യവാക്യങ്ങൾ 11:27

ഉത്തമൻ യഹോവയോടു പ്രസാദം പ്രാപിക്കുന്നു. ദുരുപായിക്കോ അവൻ ശിക്ഷ വിധിക്കുന്നു.
- സദൃശ്യവാക്യങ്ങൾ 12:2

ഭോഷന്മാരെ അകൃത്യയാഗം പരിഹസിക്കുന്നു. നേരുള്ള വർക്കൊ തമ്മിൽ പ്രീതി ഉണ്ടു. - സദൃശ്യവാക്യങ്ങൾ 14:9

ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും. – മത്തായി. 5:4

എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

– 2 കൊരിന്ത്യർ 12:9

കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടെ ഉയിർപ്പിച്ചു നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിറുത്തും എന്നു ഞങ്ങൾ അറിയുന്നു. കൃപ പലരിലും പെരുകി ദൈവത്തിന്റെ മഹിമെക്കായി സ്തോത്രം വർദ്ധിപ്പിക്കേണ്ടതിനു സകലവും നിങ്ങൾ നിമിത്തമല്ലോ ആകുന്നു. – 2 കൊരിന്ത്യർ 4:14–15

കരുണാസമ്പന്നായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും–കൃപ യാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു–ക്രിസ്തു യേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന്നു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. – എഫേസ്യർ 2:4–7

അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക.

– എബ്രായർ 4:16

# ഭയം

കൂരിരുൾത്താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. - സങ്കീർത്തനങ്ങൾ 23:4

യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം, ഞാൻ ആരെ പേടിക്കും? - സങ്കീർത്തനങ്ങൾ 27:1

തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു. ...രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും
- സങ്കീർത്തനങ്ങൾ 91:4-5

ദുർവ്വർത്തമാനംനിമിത്ത അവൻ ഭയപ്പെടുകയില്ല. അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചു ഉറെച്ചിരിക്കും. അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു; അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവർത്തിച്ചു കാണും.
- സങ്കീർത്തനം 112:7-8

മാനുഷഭയം ഒരു കണി ആകുന്നു; യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷ പ്രാപിക്കും.
- സദൃശ്യവാക്യങ്ങൾ 29:25

ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും. എന്റ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും. - യെശയ്യാവ് 41:10

നീതിയാൽ നീ സ്ഥിരമായി നില്ക്കും. നീ പീഡനത്തോടു അകന്നിരിക്കും; നിനക്കു ഭയപ്പെടുവാനില്ലല്ലോ. ഭീഷണിയോടു നീ അകന്നിരിക്കും. അതു നിന്നോടു അടുത്തുവരികയില്ല.
- യെശയ്യാവ് 54:14

ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടരുതു; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു.
- ലൂക്കോസ് 12:32

ധർമ്മോപദേഷ്ടാക്കന്മാരായിരിപ്പാൻ ഇച്ഛിക്കുന്നു തങ്ങൾ പറയുന്നതു ഇന്നതു എന്നു സ്ഥാപിക്കുന്നതു ഇന്നതു എന്നും ഗ്രഹിക്കുന്നില്ല താനും. - 1 തിമൊഥെയോസ് 1:7

നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ "കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും" എന്നു നമുക്കു ധൈര്യത്തോടെ പറയാം.
- എബ്രായർ 13:5-6

നീതിനിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കുലുങ്ങുകയുമരുതു: എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ.
- 1 പത്രൊസ് 3:14

സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു, ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.- 1 യോഹന്നാൻ 4:18

# ക്ഷമിക്കുക

നിങ്ങൾ യഹോവയിങ്കലേക്കു വീണ്ടും തിരിയുന്നു എങ്കിൽ നിങ്ങളുടെ സഹോദരന്മാരും പുത്രന്മാരും തങ്ങളെ ബദ്ധരാക്കികൊണ്ടു പോയവരോടു കരുണ ലഭിച്ചു ഈ ദേശത്തിലേക്കു മടങ്ങിവരും; നിങ്ങളുടെ ദൈവമായ യഹോവ കൃപയും കരുണയും ഉള്ളവനല്ലോ. നിങ്ങൾ അവന്റെ അടുക്കലേക്കു തിരിഞ്ഞുവരുന്നു എങ്കിൽ അവൻ നിങ്ങളെ നോക്കാതവണ്ണം മുഖം തിരിച്ചുകളകയില്ല.

–2 ദിനവൃത്താന്തം 30:9

നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും.

– മത്തായി 6:14

നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിനു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.

– മർക്കോസ് 11:25–26

വിധിക്കരുതു; എന്നാൽ നിങ്ങളെയും വിധിക്കയില്ല; ശിക്ഷെയ്ക്കു വിധിക്കരുതു; എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല.

– ലൂക്കോസ് 6:37

അധർമ്മം മോചിച്ചും പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ.

– റോമർ 4:7–8

നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

– എഫേസ്യർ 4:32

അന്യോന്യം പൊറുക്കുകയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ. കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ.

– കൊലൊസ്സ്യർ 3:13

എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.

– യാക്കോബ്. 5:15

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.

1 യോഹന്നാൻ 1:9–10

കുഞ്ഞുങ്ങളേ, നിങ്ങൾക്കു അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു.

– 1 യോഹന്നാൻ 2:12

# ⊱ കൃപ ⊰

യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നല്കുന്നു. നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല.

– സങ്കീർത്തനം 84:11

പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു.

– ലൂക്കോസ്. 2:40

പള്ളിപിരിഞ്ഞശേഷം യഹൂദന്മാരിലും ഭക്തിയുള്ള യെഹൂദമതാനുസാരികളിലും പലർ പൗലോസിനെയും ബർന്നബാസിനെയും അനുഗമിച്ചു. അവർ അവരോടു സംസാരിച്ചു ദൈവകൃപയിൽ നിലനില്ക്കേണ്ടതിനു അവരെ ഉത്സാഹിപ്പിച്ചു.

– അപ്പോസ്തല പ്രവൃത്തികൾ 13:43

അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലേ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു.

– റോമർ 3:24

എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു.

– റോമർ 5:15

എന്നാൽ ലംഘനം പെരുകേണ്ടതിനു ന്യായപ്രമാണവും ഇടയിൽ ചേർന്നു വന്നു; എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ

യേശുക്രിസ്തുമുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിനു തന്നേ.

– റോമർ 5:20–21

നിങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി. ദൈവത്തിന്റെ ഗൃഹനിർമ്മാണം. എനിക്കു ലഭിച്ച ദൈവകൃപെക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളൊരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു. താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല.

– 1 കൊരിന്ത്യർ 3:9–11

കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ ഒരു കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.

– എഫേസ്യർ 2:8

എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു ദൈവം നിഗളികളോടു എതിർത്തുനില്ക്കയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു.

യാക്കോബ്. 4:6

# കുറ്റവും ശിക്ഷാവിധിയും

ഞാൻ അവന്റെ മുമ്പാകെ നിഷ്കളങ്കനായിരുന്നു; അകൃത്യം ചെയ്യാതെ എന്നെത്തന്നെ കാത്തു.

– സങ്കീർത്തനങ്ങൾ 18:23

ദൈവമേ നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.

– സങ്കീർത്തനങ്ങൾ 51:1–2

ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിനു എന്നെ കഴുകേണമേ. ... സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേ ണമേ.; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ. ... എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ. എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചു കളയേണമേ.

– സങ്കീർത്തനം 51:7–9

എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.

– യെശയ്യാവ് 53:5

നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല, എല്ലാവരും

വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. ...ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താ ലുള്ള ദൈവനീതി തന്നെ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. അതിന്നു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.

– റോമർ 3:11–12, 21–22

അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.

– റോമർ 8:1–2

ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതി നിമിത്തം ജീവനാകുന്നു.

– റോമർ 8:10

ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവർ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു.

– റോമർ 8:33–34

പാപം അറിയാത്തവനേ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി.

– 2 കൊരിന്ത്യർ 5:21

അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും

– എബ്രായർ 1:3

നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയത്തിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക. പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനല്ലോ.

– എബ്രായർ 10:22–23

കുഞ്ഞുങ്ങളേ, നാം വാക്കിലാലും നാവിനാലും അല്ല, പ്രവൃത്തിയാലും സത്യത്തിലും തന്നെ സ്നേഹിക്കുക. നാം സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവർ എന്നു ഇതിനാൽ അറിയും; ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം.

1 യോഹന്നാൻ 3:18–20

# ആരോഗ്യവും രോഗസൗഖ്യവും

എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്നെ സൗഖ്യമാക്കുകയും ചെയ്തു.

- സങ്കീർത്തനങ്ങൾ 30:2

അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.

- സങ്കീർത്തനം 103:3

അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി. അവരുടെ കുഴികളിൽനിന്നു അവരെ വിടുവിച്ചു.

- സങ്കീർത്തനങ്ങൾ 107:20

ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു. യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും.

- സങ്കീർത്തനങ്ങൾ 118:17

മനംതകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.

- സങ്കീർത്തനങ്ങൾ 147:3

മകനേ എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക. അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവെക്കുക. അവയെ കിട്ടുന്നവർക്കു അവ ജീവനും അവരുടെ സർവ്വദേഹത്തിന്നും സൗഖ്യവും ആകുന്നു.

- സദൃശ്യവാക്യങ്ങൾ 4:20-22

അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ

നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും.

– യെശയ്യാവു 58:8

യഹോവേ, എന്നെ സൗഖ്യമാക്കേണമേ, എന്നാൽ എനിക്കു സൗഖ്യം വരും. എന്നെ രക്ഷിക്കേണമേ; എന്നാൽ ഞാൻ രക്ഷപ്പെടും. നീ എന്റെ പുകഴ്ചയല്ലോ.

– യിരെമ്യാവു 17:14

അവർ നിന്നെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞു നോക്കാത്ത സീയോനെന്നും വിളിക്കകൊണ്ടു, ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ചു നിനക്കു ആരോഗ്യം വരുത്തും എന്നു യഹോവയുടെ അരുളപ്പാടു

– യിരെമ്യാവു 30:17

നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവന്നുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവു അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.

– യാക്കോബ്. 5:14–15

നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.

– 1 പത്രൊസ് 2:24

പ്രിയനേ എന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

– 3 യോഹന്നാൻ 2

# ദൈവത്തിൽനിന്നു കേൾക്കുക

നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വജാതികൾക്കും മീതെ ഉന്നതമാക്കും.

– ആവർത്തനപുസ്തകം 28:1

ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; നീ ചെവികളെ എനിക്കു തുളെച്ചിരിക്കുന്നു.

– സങ്കീർത്തനങ്ങൾ 40:6

അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നെ. ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ, മെരീബയിലെപ്പോലെയും മരുഭൂമിയിൽ മസ്സാനാളിനെപ്പോലെയും നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുതു.

– സങ്കീർത്തനക്കാർ 95:7, 8

നിന്റെ സാക്ഷ്യങ്ങൾ അതിശയകരമാകയാൽ എന്റെ മനസ്സു അവയെ പ്രമാണിക്കുന്നു. നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു.

– സങ്കീർത്തനക്കാരൻ 119:129–130

എന്റെ വാക്കു കേട്ടനുസരിപ്പിൻ; എന്നാൽ ഞാൻ നിങ്ങൾക്കു ദൈവമായും നിങ്ങൾ എനിക്കു ജനമായും ഇരിക്കും; നിങ്ങൾക്കു നന്നായിരിക്കേണ്ടതിന്നു ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പിൻ എന്നീ കാര്യമത്രേ ഞാൻ അവരോടു കല്പിച്ചതു.

– യിരെമ്യാവു 7:23

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. - മത്തായി 7:24-25

ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തു കളയുന്നു; ഇതത്രെ വഴിയരികെ വിതെക്ക പ്പെട്ടതു...നല്ല നിലത്തു വിതെക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു. - മത്തായി. 13:19, 23

അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ടു അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും. - യോഹന്നാൻ 10:5

ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. - യോഹന്നാൻ 10:27

ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. - റോമർ 10:17

എങ്കിലും വചനം മാത്രം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ട താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല. - യാക്കോബ് 1:22-25

# സഹായം

യഹോവ എന്റെ ബലവും എന്റെ പരിചയും ആകുന്നു; എന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു; എനിക്കു സഹായം ലഭിച്ചു; അതുകൊണ്ടു എന്റെ ഹൃദയം ഉല്ലസിക്കുന്നു; പാട്ടോടെ ഞാൻ അവനെ സ്തുതിക്കുന്നു. യഹോവ തന്റെ ജനത്തിന്റെ ബലമാകുന്നു; തന്റെ അഭിഷിക്തനു അവൻ രക്ഷാദുർഗ്ഗം തന്നെ. നിന്റെ ജനത്തെ രക്ഷിച്ചു നിന്റെ അവകാശത്തെ അനുഗ്രഹിക്കേണമേ; അവരെ മേയിച്ചു എന്നേക്കും അവരെ വഹിക്കേണമേ.

– സങ്കീർത്തനങ്ങൾ 28:7

യഹോവയുടെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. ... നീതിമാന്മാർ നിലവിളിച്ചു; യഹോവകേട്ടു. സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു.

– സങ്കീർത്തനങ്ങൾ 34:15, 17

കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

– സങ്കീർത്തനങ്ങൾ 50:15

നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും ; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.

– സങ്കീർത്തനങ്ങൾ 55:22

യഹോവേ എനിക്കു സഹായകമായിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ വേഗം മൗനവാസം ചെയ്യുമായിരുന്നു. എന്റെ കാൽ വഴുതുന്നു എന്നു ഞാൻ പറഞ്ഞപ്പോൾ യഹോവേ നിന്റെ

ദയ എന്നെ താങ്ങി. എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ നിന്റെ ആശ്വാസങ്ങൾ എന്റെ പ്രാണനെ തണുപ്പിക്കുന്നു.

– സങ്കീർത്തനം 94:17–19

നിന്റെ ഇഷ്ടം ചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ. നിന്റെ നല്ല ആത്മാവു നേർന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ. യഹോവേ നിന്റെ നീതിയാൽ എന്റെ പ്രാണനെ കഷ്ടതയിൽനിന്നു ഉദ്ധരിക്കേണമേ.

– സങ്കീർത്തനം – 143:10–11

നിന്റെ ദൈവമായ യഹോവ നിന്റെ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോടു; ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു.

– യെശയ്യാവ് 41:13

യഹോവയായ കർത്താവു എന്നെ സഹായിക്കും; അതു കൊണ്ടു ഞാൻ അമ്പരന്നു പോകയില്ല.; അതുകൊണ്ടു ഞാൻ എന്റെ മുഖം തീക്കല്ലുപോലെ ആക്കിയിരിക്കുന്നു; ഞാൻ ലജ്ജിച്ചുപോകയില്ല എന്നു ഞാൻ അറിയുന്നു.

– യെശയ്യാവ് 50:7

യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു. തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു.

– നഹൂം 1:7

ആകയാൽ കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യർ എന്നോട് എന്തു ചെയ്യും എന്ന് നമുക്ക് ധൈര്യത്തോടെ പറയാം.

– എബ്രായർ 13:6

# വിശുദ്ധി

ആകയാൽ നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു വിശുദ്ധന്മാരാകുവിൻ. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. – ലേവ്യാപുസ്തകം 20:7

അതുകൊണ്ട് എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ ശ്രമിക്കുന്നു. –അപ്പോസ്തല പ്രവൃത്തികൾ 24:16

എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു. – റോമർ 6:22

സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. – റോമർ 12:1–2

ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നു നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ.
– 1 കൊരിന്ത്യർ 6:19–20

നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പെ, നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ. – എഫേസ്യർ 1:4–5

നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ. – എഫേസ്യർ 4:23–24

നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.
– കൊലൊസ്സ്യർ 1:22

എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിക്കുവാൻ ഉത്സാഹിക്കുവിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. – എബ്രായർ 12:14

അവർ ശിക്ഷിച്ചത് കുറേക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ. അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു നമ്മുടെ ഗുണത്തിനായി തന്നെ ശിക്ഷിക്കുന്നത്. – എബ്രായർ 12:10

പണ്ടു നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. – 1 പത്രൊസ് 1:14–15

# പ്രതീക്ഷ

യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു.
- സങ്കീർത്തനം. 33:18

തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു.
- സങ്കീർത്തനം 147:11

ആശാവിളംബരം ഹൃദയത്തെ ക്ഷീണിപ്പിക്കുന്നു. ഇച്ഛാനിവൃത്തിയോ ജീവവൃക്ഷം തന്നെ.
- സദൃശ്യവാക്യങ്ങൾ 13:12

യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവയ്ക്കുന്നു. തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവനും യഹോവ നല്ലവൻ. യഹോവയുടെ രക്ഷയ്ക്കായി മിണ്ടാതെ കാത്തിരിക്കുന്നതു നല്ലത്. - വിലാപങ്ങൾ 3:24-26

കഷ്ടതയിൽ സഹിഷ്ണുത കാണിക്കുവിൻ; പ്രാർത്ഥനയിൽ ഉറ്റിരിക്കുവിൻ; വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്യുവിൻ - റോമർ 12:12

എന്നാൽ മുൻ എഴുതിയിരിക്കുന്നത് ഒക്കെയും നമ്മുടെ ഉപദേശത്തിനായി, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു. - റോമർ 15:4

എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി,

വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ. - റോമർ 15:13

പൂർണ്ണമായതു വരുമ്പോൾ അംശമായതു നീങ്ങിപ്പോകും. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; ഇപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും. ആകയാൽ വിശ്വാസം പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ. - 1 കൊരിന്ത്യർ 13:10, 12–13

ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്ന് എഴുതിയ വചനം നിവൃത്തിയാകും.
- 1 കൊരിന്ത്യർ 15:51–52., 54

നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്നു. - എഫേസ്യർ 1:18

നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു അറിവു തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു. - 1 പത്രൊസ് 1:13

# സൗമ്യതയും അഹങ്കാരവും

സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്ക് തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു.

– സങ്കീർത്തനം 25:9

സൗമ്യതയുള്ളവർ അതു കണ്ടു സന്തോഷിക്കും; ദൈവത്തെ അന്വേഷിക്കുന്നവരെ നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ.

– സങ്കീർത്തനം 69:32

യഹോവ താഴ്മയുള്ളവനെ ഉയർത്തുന്നു. അവൻ ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തുന്നു.

– സങ്കീർത്തനം 147:6

അഹങ്കാരം വരുമ്പോൾ ലജ്ജയും വരുന്നു; താഴ്മയുള്ളവരുടെ പക്കലോ ജ്ഞാനമുണ്ട്.

– സദൃശ്യവാക്യങ്ങൾ 11:2

യഹോവഭക്തി ജ്ഞാനോപദേശകമാകുന്നു; മാനത്തിനു വിനയം മുന്നോടിയാകുന്നു.

– സദൃശ്യവാക്യങ്ങൾ 15:33

ഗർവ്വികളോടുകൂടെ കവർച്ച പങ്കിടുന്നതിനെക്കാൾ താഴ്മയുള്ളവരോടുകൂടെ താഴ്മയുള്ളവനായിരിക്കുന്നതു നല്ലത്.

– സദൃശ്യവാക്യങ്ങൾ 16:19

മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും.

– സദൃശ്യവാക്യങ്ങൾ 29:23

മനുഷ്യാ നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു; ന്യായം പ്രവർത്തിക്കുവാനും ദയാതല്പരനായിരിക്കുവാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കുവാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?

– മീഖാ 6:8

കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും.

– യാക്കോബ് 4:10

അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ.

– 1 പത്രൊസ് 5:6

# സുരക്ഷിതത്വം

യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു: ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും? – സങ്കീർത്തനങ്ങൾ 27:1

അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ... തന്റെ തൂവലുകൾകൊണ്ട് നിന്നെ മറയ്ക്കും; അവന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകും ആകുന്നു. – സങ്കീർത്തനങ്ങൾ 91:1–4

എന്റെ വാക്കു കേൾക്കുന്നവനോ നിർഭയം വസിക്കു കയും ദോഷഭയം കൂടാതെ സ്വൈരമായിരിക്കുകയും ചെയ്യും.
– സദൃശ്യവാക്യങ്ങൾ 1:33

യഹോവഭക്തനു ദൃഢധൈര്യം ഉണ്ട്; അവന്റെ മക്കൾക്കും ശരണം ഉണ്ടാകും. – സദൃശ്യവാക്യങ്ങൾ 14:26

യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്കു ഓടിച്ചെന്നു അഭയം പ്രാപിക്കുന്നു.
– സദൃശ്യവാക്യങ്ങൾ 18:10

നീ ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും.
– യെശയ്യാവ് 41:10

നിനക്കുവിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി

എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസൻമാരുടെ അവകാശവും എന്റെ പക്കൽനിന്നുള്ള അവരുടെ നീതിയും ഇതു തന്നെ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു. – യെശയ്യാവ് 54:17

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവർക്കു തന്നേ, സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു എന്നു അറിയുന്നു. – റോമർ 8:28

നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹ ത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു. – റോമർ 8:37–39

അവൻ എന്നോട് ; എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. – 2 കൊരിന്ത്യർ 12:9

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു. – ഫിലിപ്പിയർ 4:13

ആകയാൽ ‘‘കർത്താവു എന്റെ തുണ; ഞാൻ പേടിക്കയില്ല; മനുഷ്യർ എന്നോട് എന്തു ചെയ്യും’’ എന്ന് നമുക്ക് ധൈര്യത്തോടെ പറയാം. – എബ്രായർ 13:6

# സത്യസന്ധത

വഷളനെ നിന്ദ്യനായും എണ്ണുകയും യഹോവാഭക്തന്മാരെ ബഹുമാനിക്കുകയും ചെയ്യുന്നവൻ.

- സങ്കീർത്തനങ്ങൾ 15:4

നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ; ഞാൻ നിങ്കൽ പ്രത്യാശ വച്ചിരിക്കുന്നുവല്ലോ.

- സങ്കീർത്തനങ്ങൾ 25:21

യഹോവേ, എനിക്കു ന്യായം പാലിച്ചു തരണമേ; ഞാൻ എന്റെ നിഷ്കളങ്കതയിൽ നടക്കുന്നു ഞാൻ ഇളകാതെ യഹോവയിൽ ആശ്രയിക്കുന്നു. യഹോവേ, എന്നെ പരീക്ഷിച്ചു ശോധന ചെയ്യണമേ; എന്റെ അന്തഃരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ.

- സങ്കീർത്തനങ്ങൾ 26:1-5

അഹങ്കാരം വരുമ്പോൾ ലജ്ജയും വരുന്നു; താഴ്മയുള്ളവരുടെ പക്കലോ ജ്ഞാനമുണ്ട്. നേരുള്ളവരുടെ നിഷ്കളങ്കത്വം അവരെ വഴിനടത്തും; ദ്രോഹികളുടെ വികടമോ അവരെ നശിപ്പിക്കും.

- സദൃശ്യവാക്യങ്ങൾ 11:2-3

ഒരുത്തൻ നിന്നെ ഒരുനാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക.

- മത്തായി 5:41

സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടു കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു.

- അപ്പോസ്തല പ്രവൃത്തികൾ 23:1

അതുകൊണ്ടു എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരി ക്കുവാൻ ഞാൻ ശ്രമിക്കുന്നു. - അപ്പോസ്തല പ്രവൃത്തികൾ 24:16

ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്കല്ല; എനിക്കു നോവും ഉണ്ട് എന്ന് എന്റെ മനസ്സാക്ഷി എനക്കും പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു.
- റോമർ 9:1–2

ശ്രേഷ്ഠവരങ്ങളെ വാഞ്ഛിക്കുവിൻ; ഇനി അതിശ്രേഷ്ഠ മായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം.
- 1 കൊരിന്ത്യർ 12:31

നിങ്ങളുടെ സ്നേഹം മേൽക്കുമേൽ വർദ്ധിച്ചുവന്നിട്ട് പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ട് നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിക്കുമാറാകണം എന്നു ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാ ത്തവും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായി യേശുക്രിസ്തുവിനാൽ നീതി പ്രതിഫലം നിറഞ്ഞവരുമായി ത്തീരണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.- ഫിലിപ്പിയർ 1:10–11

അജ്ഞയുടെ ഉദ്ദേശ്യമോ; ശുദ്ധഹൃദയം; നല്ല മനസ്സാക്ഷി നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ. - 1 തിമൊഥയോസ് 1:5

ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. - 1 തിമൊഥെയോസ് 1:19

തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. - 2 പത്രൊസ് 1:3

# ഉത്സാഹവും പ്രബോധനവും

പ്രബോധനം കേൾക്കായ്കയാൽ അവൻ മരിക്കും; മഹാഭോഷത്വത്താൽ അവൻ വഴിതെറ്റിപ്പോകും.

– സദൃശ്യവാക്യങ്ങൾ 5:23

നിന്റെ കണ്ണിനു ഉറക്കവും നിന്റെ കണ്ണിമയ്ക്കു നിദ്രയും കൊടുക്കരുത്...കുറേക്കൂടെ ഉറക്കം; കുറേക്കൂടി നിദ്ര ; കുറേക്കൂടി കൈകെട്ടി കിടക്കുക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും.

– സദൃശ്യവാക്യങ്ങൾ 6:4, 10–11

മാന്യഭാവം നടിച്ചിട്ടും ഉപജീവനത്തിനു മുട്ടുള്ളവനെക്കാൾ ലഘുവായി മതിക്കപ്പെട്ടിട്ടും ഒരു ഭൃത്യനുള്ളവൻ ശ്രേഷ്ഠൻ ആകുന്നു

– സദൃശ്യവാക്യങ്ങൾ 12:9

മടിയൻ ശീതം നിമിത്തം ഉഴാതിരിക്കുന്നു; കൊയ്ത്തു കാലത്തു അവൻ ഇരക്കും; ഒന്നും കിട്ടുകയുമില്ല.

– സദൃശ്യവാക്യങ്ങൾ 20:4

മടിയൻ തന്റെ കൈ തളികയിൽ പുകഴ്ത്തുന്നു; വായിലേക്കു തിരികെ കൊണ്ടുവരുന്നത് അവനു പ്രയാസം. ബുദ്ധിയോടെ പ്രതിവാദിക്കുവാൻ പ്രാപ്തിയുള്ള ഏഴു പേരിലും താൻ ജ്ഞാനി എന്നു മടിയനു തോന്നുന്നു.

– സദൃശ്യവാക്യങ്ങൾ 26:15–16

മടികൊണ്ട് മേല്പുര വീണുപോകുന്നു; കൈകളുടെ ആലസ്യം കൊണ്ട് വീടു ചോരുന്നു.

– സഭാപ്രസംഗി 10:18

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിക്കുവിൻ.

– കൊലൊസ്സ്യർ 3:1

എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിക്കുവാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.

– എബ്രായർ 6:11–12

എന്നാൽ വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു.

– എബ്രായർ 11:6

നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്റെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും.

– വെളിപ്പാട് 3:15–16

# ഏകാന്തത

ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്; നീ പോകുന്നിടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും. ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തതു നിവർത്തിക്കും.

- ഉല്പത്തി 28:15

യഹോവ നിന്റെ മഹത്തായ നാമം നിമിത്തം തന്റെ ജനത്തെ കൈവിടുകയില്ല; നിങ്ങളെ തന്റെ ജനമാക്കിക്കൊള്ളുവാൻ യഹോവയ്ക്കു ഇഷ്ടം തോന്നിയിരിക്കുന്നു.

- 1 ശമുവേൽ 12:22

എങ്കലേക്കു തിരിഞ്ഞ് എന്നോട് കരുണയുണ്ടാകണമേ; ഞാൻ ഏകാകിയും അരിഷ്ടനും ആകുന്നു.

- സങ്കീർത്തനം 25:16

എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും.

- സങ്കീർത്തനം 27:10

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.

- സങ്കീർത്തനം 46:1

നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ടാ, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും,

- യെശയ്യാവ് 41:10

ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു.

– മത്തായി 28:20

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും.

– യോഹന്നാൻ 14:18

എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും.

– 2 കൊരിന്ത്യൻസ് 6:18

നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; "ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല" എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.

– എബ്രായർ 13:5

# ക്ഷമ

യഹോവയ്ക്കായി പ്രത്യാശിച്ച് അവന്റെ വഴി പ്രമാണിച്ചു നടക്കുക; എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയർത്തും. ദുഷ്ടന്മാർ ഛേദിക്കപ്പെടുന്നതു നീ കാണും.

– സങ്കീർത്തനങ്ങൾ 37:34

ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരിക്കുന്നു. അവൻ എങ്കലേക്കു ചാഞ്ഞ് എന്റെ നിലവിളി കേട്ടു.

– സങ്കീർത്തനങ്ങൾ 40:1

ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലത്; ഗർവ്വമാനസനെക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ

– സഭാപ്രസംഗി 7:8

അതു തന്നേ അല്ല, കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല.

– റോമർ 5:3–4

നന്മ ചെയ്യുകയിൽ നാം മടുത്തുപോകരുത്; തളർന്നു പോകാതിരുന്നാൽ തക്കസമയത്തു നാം കൊയ്യും.

– ഗലാത്യർ 6:9

സകല സഹിഷ്ണുതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന് ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടണമെന്നും, വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും

– കൊലൊസ്സ്യർ 1:11–12

അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസ ത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശ മാക്കുന്നവരുടെ അനുകാരികളായിത്തീരും.

– എബ്രായർ 6:12

എന്റെ സഹോദരന്മാരെ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.

– യാക്കോബ്. 1:2–4

എന്നാൽ സഹോദരന്മാരേ കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിക്കുവിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അവന്നു കിട്ടുവോളം ദീർഘക്ഷമയേ ാടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിക്കുവിൻ. നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ. കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു.

– യാക്കോബ് 5:7–8

സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും.

– വെളിപ്പാട് 3:10

# സമാധാനം

നീ അവനോടിണങ്ങി സമാധാനമായിരിക്കുക; അതിനാൽ നിനക്കു നന്മ വരും.

– ഇയ്യോബ് 22:21

യഹോവയായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും; അവർ ഭോഷത്വത്തിലേക്ക് വീണ്ടും തിരിയാതിരിക്കേണ്ടതിന് അവൻ തന്റെ ജനത്തോടും തന്റെ ഭക്തൻമാരോടും സമാധാനം അരുളും... ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു. വിശ്വസ്ഥത ഭൂമിയിൽനിന്നു മുളയ്ക്കുന്നു. നീതി സ്വർഗ്ഗത്തിൽനിന്നു നോക്കുന്നു.

– സങ്കീർത്തനം 85:8, 10–11

ഒരുത്തന്റെ വഴികൾ യഹോവയ്ക്കു ഇഷ്ടമാകുമ്പോൾ അവൻ അവന്റെ ശത്രുക്കളെ അവനോടു ഇണക്കുന്നു.

– സദൃശ്യവാക്യങ്ങൾ 16:7

സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കുകകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.

– യെശയ്യാവ് 26:3

പർവ്വതങ്ങൾ മാറിപ്പോകും; കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല; എന്റെ സമാധാനനിയമം നീങ്ങിപോകുകയുമില്ല എന്നു നിന്നോട് കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു.

– യെശയ്യാവ് 54:10

അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ

നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും.

– യെശയ്യാവ് 58:8

സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.

– യോഹന്നാൻ 14:27

എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.

– ഫിലിപ്പിയർ 4:7

സമാധാനത്തിന്റെ കർത്താവായവൻ താൻ നിങ്ങൾക്ക് എല്ലായ്പ്പോഴും സകലവിധത്തിലും സമാധാനം നല്കുമാറാകട്ടെ. കർത്താവ് നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

– 2 തെസ്സലോനിക്യർ 3:16

എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിക്കുവാൻ ഉത്സാഹിക്കുവിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.

– എബ്രായർ 12:14

# ശക്തി

അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നല്കുന്നു; ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു.

– യെശയ്യാവ് 40:29

പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നു നിങ്ങൾക്ക് ഒരു ദോഷവും വരുത്തുകയില്ല.

– ലൂക്കോസ് 10:19

പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

– അപ്പോസ്തല പ്രവൃത്തികൾ 1:8

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം തരുന്ന ദൈവത്തിനു സ്തോത്രം.

1 കൊരിന്ത്യർ 15:57

ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്നെ അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു.

– 2 കൊരിന്ത്യർ 1:21–22

അവൻ എന്നോട്: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ

ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

– 2 കൊരിന്ത്യർ 12:9

എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വവുമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും, നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്ന് നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു.

– എഫേസ്യർ 1:17, 19

അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും,

– എഫേസ്യർ 3:16

ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെ സുബോധത്തിന്റെയും ആത്മാവിനെ യത്രേ നമുക്കു വേണ്ടത്.

– 2 തിമൊഥെയൊസ് 1:7

# ⊹ പ്രാർത്ഥന ⊹

നീ അവനോടു പ്രാർത്ഥിക്കും; അവൻ നിന്റെ പ്രാർത്ഥന കേൾക്കും. നീ നിന്റെ നേർച്ചകളെ കഴിക്കും.

– ഇയ്യോബ്. 22:27

ഞാൻ യഹോവയോട് അപേക്ഷിച്ചു. അവൻ എനിക്ക് ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു...യഹോവയുടെ കണ്ണു നീതിമാൻമാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.

– സങ്കീർത്തനം 34:4–15

യഹോവേ നിങ്കൽ പ്രത്യാശ വച്ചിരിക്കുന്നു; എന്റെ ദൈവമായ കർത്താവേ, നീ ഉത്തരം അരുളും.

– സങ്കീർത്തനം 38:15

യഹോവേ തന്നേ വിളിച്ചപേക്ഷിക്കുന്നവർക്കേവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും. അവരുടെ നിലവിളികേട്ട് അവരെ രക്ഷിക്കും.

– സങ്കീർത്തനം 145:18–19

യഹോവ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു. നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു.

– സദൃശ്യവാക്യങ്ങൾ 15:29

യഹോവയെ കണ്ടെത്താവുന്ന സമയത്ത് അവനെ അന്വേഷിക്കുവിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിക്കുവിൻ.

– യെശയ്യാവ് 55:6

യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും.

– മത്തായി 7:7–8

നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽനിന്നു അവർക്കു ലഭിക്കും;

– മത്തായി 18:19

മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണം

– ലൂക്കോസ് 18:1

ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിക്കുവിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവരെ നിങ്ങൾക്കു ലഭിക്കും.

– യോഹന്നാൻ 16:24

അവണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

– റോമർ 8:26

ഇടവിടാതെ പ്രാർത്ഥിപ്പിൻ. എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ

– 1 തെസ്സലോനിക്യർ 5:17

അതുകൊണ്ടു കരുണലഭിക്കുവാനും തല്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക.

– എബ്രായർ 4:16

# അഭിവൃദ്ധി, സമ്പത്ത് , ദാനം

നിന്റെ ദൈവമായ യഹോവയെ നീ ഓർക്കണം; നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഇന്നുള്ളതുപോലെ ഉറപ്പിക്കേണ്ടതിന് അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നതു.

– ആവർത്തനപുസ്തകം 8:18

യഹോവ നിന്റെ കളപ്പുരകളിലും നീ തൊടുന്ന എല്ലാറ്റിലും നിനക്ക് അനുഗ്രഹം കല്പിക്കും. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് അവൻ നിന്നെ അനുഗ്രഹിക്കും... നിനക്ക് തരുമെന്ന് യഹോവ നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്ത് യഹോവ നിന്റെ നന്മയ്ക്കായി ഗർഭഫലത്തിലും കന്നുകാലികളുടെ ഫലത്തിലും നിന്റെ നിലത്തിലെ ഫലത്തിലും നിനക്കു സമൃദ്ധി നല്കും.

– ആവർത്തനപുസ്തകം 28:8, 11

അവൻ ആറ്റികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.

– സങ്കീർത്തനം 1:3

ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല.

– സങ്കീർത്തനം 34:10

എന്റെ ആലയത്തിൽ ആഹാരം ഉണ്ടാക്കേണ്ടതിന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ

– മലാഖി 3:10

നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിനു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടങ്കൈ അറിയരുതു, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.

– മത്തായി 6:3–4

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെ യുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ.

– മത്തായി 6:19–21

എന്നാൽ നിങ്ങൾക്കും കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.

– ലൂക്കോസ് 6:38

നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു.

– അപ്പോസ്തലപ്രവൃത്തികൾ 10:5

അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ.

– റോമർ 13:8

എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും.; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത് ;

നിർബന്ധത്താലുമരുത്,സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നഹിക്കുന്നു.

2 കൊരിന്ത്യൻസ് 9:6–7

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിങ്കൽ പൂർണ്ണമായി തീർത്തു തരും.

– ഫിലിപ്പിയർ 4:19

പ്രിയനെ നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

– 3 യോഹന്നാൻ 2

# സംരക്ഷണം

പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. അവൻ ശത്രുവിനെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു. സംഹരിക്കുക എന്നു കല്പിച്ചിരിക്കുന്നു.

– ആവർത്തനപുസ്തകം 33:27

പ്രത്യാശയുള്ളതുകൊണ്ടു നീ നിർഭയനായിരിക്കും. നീ ചുറ്റും നോക്കി സ്വൈരമായി വസിക്കും. നീ കിടക്കും; ആരും നിന്നെ ഭയപ്പെടുത്തുകയില്ല. പലരും നിന്റെ മമത അന്വേഷിക്കും.

– ഇയ്യോബ് 11:18–19

യഹോവ പീഡിതന് ഒരു അഭയസ്ഥാനം; കഷ്ടകാലത്ത് ഒരഭയസ്ഥാനം തന്നേ.

– സങ്കീർത്തനങ്ങൾ 9:9

നീ എനിക്കു മറവിടമാകുന്നു; നീ എന്നെ കഷ്ടത്തിൽ നിന്നു സൂക്ഷിക്കും. രക്ഷയുടെ ഉല്ലാസഘോഷം കൊണ്ടു നീ എന്നെ ചുറ്റിക്കൊള്ളും.

– സങ്കീർത്തനങ്ങൾ 32:7

ഞാനോ ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവുവൃക്ഷംപോലെ ആകുന്നു. ഞാൻ ദൈവത്തിന്റെ ദയയിൽ എന്നു എന്നേക്കും ആശ്രയിക്കുന്നു. നീ അതു ചെയ്തിരിക്കുകകൊണ്ട് ഞാൻ നിനക്ക് എന്നു സ്തോത്രം ചെയ്യും. ഞാൻ നിന്റെ നാമത്തിൽ പ്രത്യാശ വയ്ക്കും; നിന്റെ ഭക്തന്മാരുടെ മുമ്പാകെ അതു നല്ലതല്ലോ.

– സങ്കീർത്തനങ്ങൾ 52:8–9

അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.

– സങ്കീർത്തനങ്ങൾ 91 :1–2

യഹോവേ നീ എന്റെ സങ്കേതമാകുന്നു. നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കി ഇരിക്കുന്നു. ഒരു അനർത്ഥവും നിനക്കു ഭവിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കുകയില്ല. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും.

– സങ്കീർത്തനങ്ങൾ 91:9–11

യഹോവ ഭക്തനു ദൃഢധൈര്യം ഉണ്ട്; അവന്റെ മക്കൾക്കും ശരണം ഉണ്ടാകും.

– സദൃശ്യവാക്യങ്ങൾ 14:26

അങ്ങനെ നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊള്ളുവാൻ ശരണത്തിനായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്കു പറയുവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിക്കുവാൻ ഇടവരുന്നു.

– എബ്രായർ 6:18

# ദൈവസ്നേഹം സ്വീകരിക്കുക

എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും.

– സദൃശ്യവാക്യങ്ങൾ 8:17

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

– യോഹന്നാൻ 3:16

പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ, ഞാനും നിങ്ങളെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിൽ വസിക്കുവിൻ.

– യോഹന്നാൻ 15:9

ഞാൻ പിതാവിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കുകൊണ്ട്, പിതാവ് താനുംനിങ്ങളെ സ്നേഹിക്കുന്നു.

– യോഹന്നാൻ 16:27

പ്രത്യാശയ്ക്കൊ ഭംഗം വരുന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.

– റോമർ 5:5

ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു.

– 1 കൊരിന്ത്യർ 8:3

നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ

– 1 കൊരിന്ത്യർ 16:14

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ;. എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല ഞങ്ങൾക്കുവേണ്ടി മരിച്ച് ഉയർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.

– 2 കൊരിന്ത്യർ 5:14–15

ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു വരം നല്കണം എന്നും, നിങ്ങൾ സ്നേഹത്തിൽ വേരുന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിക്കുവാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ അറിയുവാനും പ്രാപ്തരാക്കുകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരുകയും വേണം എന്നു പ്രാർത്ഥിക്കുന്നു.

– എഫേസ്യർ 3:17–19

ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടും ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും.

– എഫേസ്യർ 4:15

ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.

– എഫേസ്യർ 5:2

ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു.

– 1 യോഹന്നാൻ 4:16

ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.

– 1 യോഹന്നാൻ 4:19

നിങ്ങളുടെ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മിക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണെയ്ക്കായി കാത്തിരുന്നും കൊണ്ടും ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ,

– യൂദാ 20–21

# നിരസിക്കുക

ഞാൻ എന്റെ നിവാസം നിങ്ങളുടെ ഇടയിൽ ആക്കും; എന്റെ ഉള്ളം നിങ്ങളെ വെറുക്കുകയില്ല.

- ലേവ്യാപുസ്തകം 26:11

ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആര്?

- റോമർ 8:31

നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.

- റോമർ 8:37

നിനക്കു വിരോധമായി ഉണ്ടാകുന്ന യാതൊരു ആയുധവും ഫലിക്കുകയില്ല. ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും. യഹോവയുടെ ദാസൻമാരുടെ അവകാശവും എന്റെ പക്കൽനിന്നുള്ള അവരുടെ നീതിയും ഇതു തന്നെ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.

- യെശയ്യാവ് 54:17

നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പെ, നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കി തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ.

- എഫേസ്യർ 1:4-6

നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു.

– യോഹന്നാൻ 15:16

നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവ നായിരിക്കുക; ഭയപ്പെടരുത്, ഭ്രമിക്കുകയും അരുത് എന്ന് ഞാൻ നിന്നോടു കല്പിച്ചുവല്ലോ.

– യോശുവ 1:9 & മത്തായി 28:20

ഏതു പട്ടണത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ അതിന്റെ തെരുക്കളിൽ പോയി; നിങ്ങളുടെ പട്ടണത്തിൽനിന്നു ഞങ്ങളുടെ കാലിനു പറ്റിയ പൊടിയും ഞങ്ങൾ നിങ്ങൾക്കു കുടഞ്ഞേച്ചുപോകുന്നു. എന്നാൽ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു അറിഞ്ഞുകൊള്ളുവിൻ.

– ലൂക്കോസ് 10:10–11

# ദൈവത്തിന്റെ നോട്ടം

എങ്കിലും അവിടെവച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരയുകയും പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും.

– ആവർത്തനം 4:29

എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയു മെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തി ക്കൊടുക്കും.

– 2 ദിനവൃത്താത്തം 7:14

നിങ്ങൾ യഹോവയോടുകൂടെ ഇരിക്കുന്നിടത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും. അവനെ അന്വേഷിക്കുന്നു എങ്കിൽ അവനെ കണ്ടെത്തും; ഉപേക്ഷിക്കുന്നു എങ്കിലോ അവൻ നിങ്ങളെയും ഉപേക്ഷിക്കും.

– 2 ദിനവൃത്താന്തം 15:2

ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു. അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണുവാനും അവന്റെ മന്ദിരത്തിൽ ധ്യാനിക്കുവാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനു തന്നെ.

– സങ്കീർത്തനങ്ങൾ 27:4

തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കു ന്നവനും യഹോവ നല്ലവൻ. യഹോവയുടെ രക്ഷയ്ക്കായി മിണ്ടാതെ കാത്തിരിക്കുന്നതു നല്ലത്... മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്.

– വിലാപങ്ങൾ 3:25, 33

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പൻ. അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

– മത്തായി 6:33

യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും.

– മത്തായി 7:7–8

എന്തു തിന്നും; എന്തു കുടിക്കും; എന്നു നിങ്ങൾ ചിന്തിച്ചു ചഞ്ചലപ്പെടരുത്. ...അവന്റെ രാജ്യം അന്വേഷിക്കുവിൻ; അതോടുകൂടെ നിങ്ങൾക്കു ഇതു കിട്ടും.

– ലൂക്കോസ് 12:29, 31

എനിക്കു സ്വതവേ ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ട മത്രേ ചെയ്യുവാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളത് ആകുന്നു.

– യോഹന്നാൻ 5:30

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിക്കുവിൻ. ഭൂമിയിലുള്ളതിനെയല്ല ഉയരത്തിലുള്ളത് തന്നേ ചിന്തിക്കുവിൻ.

– കൊലോസ്സ്യർ 3:1

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

– എബ്രായർ 11:6

# ആത്മസംയമനം

ക്രോധമുള്ളവൻ കലഹം ഉണ്ടാക്കുന്നു. ദീർഘക്ഷമയുള്ളവനോ കലഹം ശമിപ്പിക്കുന്നു.

- സദൃശ്യവാക്യങ്ങൾ 15:18

ആത്മസംയമനം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞുകിടക്കുന്ന പട്ടണം പോലെയാകുന്നു

- സദൃശ്യവാക്യങ്ങൾ 25:28

അവൾ ഒരു നിലത്തിന്മേൽ ദൃഷ്ടിവച്ച് അതു മേടിക്കുന്നു. കൈനേട്ടംകൊണ്ട് അവൾ ഒരു മുന്തിരിത്തോട്ടം ഉണ്ടാക്കുന്നു.

- സദൃശ്യവാക്യങ്ങൾ 31:16

അതിവേഗത്തിൽ ഒന്നും പറയരുത്. ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിക്കുവാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്. ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ. ആകയാൽ നിന്റെ വാക്കു ചുരുക്കമായിരിക്കട്ടെ.

- സഭാപ്രസംഗി 5:2

ദൈവത്തിന് നേർച്ച നേർന്നാൽ കഴിക്കുവാൻ താമസിക്കരുത്. മൂഢന്മാരിൽ അവനു പ്രസാദമില്ല. നീ നേർന്നതു കഴിക്കുക. നേർന്നിട്ടു കഴിക്കാതെ യിരിക്കുന്നതിനെക്കാൾ നേരാതിരിക്കുന്നതു നല്ലതു.

- സഭാപ്രസംഗി 5:4

നിന്റെ മനസ്സിൽ അത്രവേഗം നീരസം ഉണ്ടാകരുത്; മൂഢന്മാരുടെ മാറിൽ അല്ലോ നീരസം വസിക്കുന്നത്.

- സഭാപ്രസംഗി 7:9

യഹോവയയുടെ രക്ഷെയ്ക്കായി മിണ്ടാതെ കാത്തിരിക്കു ന്നതു നല്ലതു. ബാല്യത്തിൽ നുകം ചുമക്കുന്നത് ഒരു പുരുഷനു നല്ലത്.

– വിലാപങ്ങൾ 3:26–27

നിങ്ങൾ ക്ഷമകൊണ്ടു നിങ്ങളുടെ പ്രാണനെ നേടും.

– ലൂക്കൊസ് 21:19

സകലത്തിലും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല; സകലത്തിനും എനിക്കു കർത്ത്യവും ഉണ്ട് എങ്കിലും ഞാൻ യാതൊന്നിലും അധീനനാകുകയില്ല.

– 1 കൊരിന്ത്യർ 6:12

സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല. ദോഷം കണക്കിടുന്നില്ല.

– 1 കൊരിന്ത്യർ 13:4–5

ആത്മാവിന്റെ ഫലമോ : സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.

– ഗലാത്യർ 5:22–23

അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും

ചെയ്‌വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ.

- കൊലോസ്സ്യർ 3:12-14

അതുനിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു. നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ.

- 2 പത്രൊസ് 1:5-7

# നിസ്വാർത്ഥത

ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിത്തീരും. – ഉല്പത്തി 12:2

ദരിദ്രനു കൊടുക്കുന്നവനു കുറച്ചിൽ ഉണ്ടാകുകയില്ല; കണ്ണ് അടച്ചുകളയുന്നവനോ ഏറിയൊരു ശാപം ഉണ്ടാകും.
– സദൃശ്യവാക്യങ്ങൾ 28:27

ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കുവാൻ ഇച്ഛിച്ചാൽ അതിനെ കളയും. – മർക്കൊസ് 8:34

സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊള്ളുവിൻ.
– റോമർ 12:10

നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ, നന്മയ്ക്കായി ആത്മീക വർദ്ധനയ്ക്കു വേണ്ടി പ്രസാദിപ്പിക്കണം. – റോമർ 15:2

ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികം പേരെ നേടേണ്ടതിനു ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി. – 1 കൊരിന്ത്യർ 9:19

ഓരോരുത്തൻ സ്വന്ത ഗുണമല്ല; മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ. – 1 കൊരിന്ത്യർ 10:24

ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ട് എല്ലാവ രെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ
– 1 കൊരിന്ത്യർ 10:33

എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ച് ഉയർത്തവനായിട്ടു തന്നെ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നു ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു. – 2 കൊരിന്ത്യർ 5:15

തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുവിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുവിൻ.
– ഗലാത്യർ 6:2

ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു. – ഫിലിപ്പിയർ 2:3–7

സാക്ഷാൽ വിധവയും ഏകാകിയുമായവൾ ദൈവത്തിൽ, ആശവച്ചു രാപകൽ യാചനയിലും പ്രാർത്ഥനയിലും ഉറ്റുപാർക്കുന്നു. കാമുകിയായവളോ ജീവിച്ചിരിക്കുകയിൽ ത്തന്നെ ചത്തവൾ. – 1 തിമൊഥെയോസ് 5:6

എന്നാൽ ഈ ലോകത്തിലെ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാതിരുന്നാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും. കുഞ്ഞുങ്ങളേ നിങ്ങൾ വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക.
– 1 യോഹന്നാൻ 3:17–18

# നിസ്വാർത്ഥത

നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും; അവർ ഒരു വഴിയായി നിന്റെ നേരെ വരും; ഏഴു വഴിയായി നിന്റെ മുമ്പിൽനിന്ന് ഓടിപ്പോകും.

– ആവർത്തനപുസ്തകം. 28:7

യഹോവേ എന്നോടു വാദിക്കുന്നവരോടു വാദിക്കണമേ; എന്നോടു പൊരുതുന്നവരോടു പൊരുതണമേ. നീ പലകയും പരിചയും പിടിച്ച് എനിക്കു സഹായത്തിനായി എഴുന്നേല്ക്കണമേ. നീ കുന്തം ഊരി എന്നെ പിന്തുടരുന്നവരുടെ വഴി അടച്ചുകളയണമേ. ഞാൻ നിന്റെ രക്ഷയാകുന്നു എന്ന് എന്റെ പ്രാണനോടു പറയണമേ.

– സങ്കീർത്തനങ്ങൾ 35:1–3

എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവ ത്തിനു സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നേ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തെയും ജഡം കൊണ്ടു പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു.

– റോമർ 7:23–25

നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.

– റോമർ 8:37

ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവൻ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ.

– 2 കൊരിന്ത്യർ 10:3–4

പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കുവാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ.

– എഫെസ്യർ 6:11

വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊള്ളുക, അതിനായി നീ വിളിക്കപ്പെട്ട് അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ.

– 1 തിമൊഥിയൊസ് 6:12

പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവർത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേ ണ്ടതിന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.

– 1 പത്രൊസ് 2:11–12

ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു.

– 1 പത്രൊസ് 5:8

# ബലപ്പെടുത്തുക

നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക; അവനിൽ തന്നെ ആശ്രയിക്കുക; അവൻ അതു നിർവ്വഹിക്കും.

– സങ്കീർത്തനം 37:5

മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം. അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആര് അനുഭവിക്കും എന്നറിയുന്നില്ല.

– സങ്കീർത്തനം 39:6

നിങ്ങൾ അതികാലത്ത് എഴുന്നേൽക്കുന്നതും നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുന്നതും വ്യർത്ഥമത്രേ. തന്റെ പ്രിയനോ അവൻ അത് ഉറക്കത്തിൽ കൊടുക്കുന്നു.

– സങ്കീർത്തനം 127:2

അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നല്കുന്നു; ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു.

– യെശയ്യാവ് 40:29

അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു: എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിനായി ക്കൊണ്ടും വിചാരപ്പെടരുതു. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? ...ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു. ...മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. – മത്തായി 6:25, 31, 34

മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ വചനം കേട്ടിട്ടു ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർക്കുന്നതാകുന്നു.

– മർക്കൊസ് 4:19

താമര എങ്ങനെ വളരുന്നു എന്നു വിചാരിക്കുവിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂൽനൂൽക്കുന്നുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല.

– ലൂക്കോസ് 12:27

നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാന ത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട്, ഒരു ദിവസം നിങ്ങൾക്കു പെട്ടെന്നു കെണിപോലെ വരാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവിൻ.

–ലൂക്കൊസേ. 21:34

നിങ്ങൾ ചിന്താകുലമില്ലാത്തവരായിരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു.

– 1 കൊരിന്ത്യർ 7:32

നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചുവന്നിട്ട് നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിക്കുമാറാകണം.

– ഫിലിപ്പിയർ 1:9

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്.

– ഫിലിപ്പിയർ 4:6

ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും നിർമ്മല മായത് ഒക്കെയും രമ്യമായത് ഒക്കെയും സൽക്കീർത്തി യായത് ഒക്കെയും സത്ഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊള്ളുവിൻ. എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിക്കുവിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും.

– ഫിലിപ്പിയർ 4:8–9

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.

– 1 പത്രൊസ് 5:7

# അധികാരത്തിനു കീഴടങ്ങുക

### *ദൈവത്തിന്റെയും മനുഷ്യന്റെയും*

ഞങ്ങളുടെ ദൈവമായ യഹോവയെ ഞങ്ങൾ സേവിക്കും; അവന്റെ വാക്കു ഞങ്ങൾ അനുസരിക്കും എന്നു പറഞ്ഞു.

– യോശുവ 24:24

മത്സരം ആഭിചാരദോഷംപോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു.

– 1 ശമുവേൽ 15:23

യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തന്മാർക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും. അവന്റെ നിയമത്തെ പ്രമാണിക്കുന്നവർക്കും അവന്റെ കല്പനകളെ ഓർത്ത് ആചരിക്കുന്നവർക്കും തന്നേ.

– സങ്കീത്തനങ്ങൾ 103:17–18

യഹോവയെ സ്തുതിക്കുവിൻ; യഹോവയെ ഭയപ്പെട്ട്, അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ.

– സങ്കീർത്തനങ്ങൾ 112:1

അങ്ങനെ നിന്റെ ന്യായപ്രമാണം ഇടവിടാതെ എന്നേക്കും പ്രമാണിക്കും. നിന്റെ പ്രമാണങ്ങളെ ആരായുന്നതുകൊണ്ട് ഞാൻ വിശാലതയിൽ നടക്കും.

– സങ്കീർത്തനങ്ങൾ 119:44–45

നിങ്ങൾ മനസ്സുവച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു.

– യെശയ്യാവ് 1:19–20

ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ എന്നു പറഞ്ഞു.

– ലൂക്കൊസ് 11:28

ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിക്കുവിൻ.

– എഫേസ്യർ 6:5

ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്ക്കുവിൻ; എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്ത് ചെല്ലുവിൻ.

– യാക്കോബ് 4:7–8

വേലക്കാരെ പൂർണ്ണഭയത്തോടെ യജമാനന്മാർക്ക്, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കും കൂടെ കീഴടങ്ങിയിരിപ്പിൻ.

– 1 പത്രൊസ് 2:18–19

അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും.

– 1 യോഹന്നാൻ 3:22

## *ഭാര്യമാർക്കുവേണ്ടി*

നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തുതരും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.

– യോഹന്നാൻ 14:15

എല്ലാ മനുഷ്യരും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.

– റോമർ 13:1

ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവനോ ശിക്ഷാവിധി പ്രാപിക്കും.

– റോമർ 13:2

ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു.

– 1 കൊരിന്ത്യർ 8:3

ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങി യിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാ ത്തപക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നിന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല.

– 1 പത്രൊസ് 3:1–2

# നിങ്ങളുടെ ശരീരത്തെ സംരക്ഷിക്കുക

നിങ്ങളുടെ ദൈവമായ യഹോവയെത്തന്നെ സേവിക്കുവിൻ. എന്നാൽ അവൻ നിന്റെ അപ്പത്തെയും വെള്ളത്തെയും അനുഗ്രഹിക്കും; ഞാൻ രോഗങ്ങളെ നിങ്ങളുടെ നടുവിൽനിന്ന് നീക്കിക്കളയും. - പുറപ്പാട് 23:25

നിനക്കുതന്നേ നീ ജ്ഞാനിയായി തോന്നരുത്; യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക. അതു നിന്റെ നാഭിക്ക് ആരോഗ്യവും അസ്ഥികൾക്കു തണുപ്പും ആയിരിക്കും.
- സദൃശ്യവാക്യങ്ങൾ 3:7-8

മകനേ കേട്ട് എന്റെ വചനങ്ങളെ കൈക്കൊള്ളുക; എന്നാൽ നിനക്ക് ദീർഘായുസ്സുണ്ടാകും. - സദൃശ്യവാക്യങ്ങൾ 4:10

മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായ്ക്കുക. അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുത്; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവയ്ക്കുക. അവയെ കിട്ടുന്നവർക്ക് അവ ജീവനും അവരുടെ സർവ്വദേഹത്തിനും സൗഖ്യവും ആകുന്നു. - സദൃശ്യവാക്യങ്ങൾ 4:20-22

ഇമ്പമുള്ള വാക്കു തേൻകട്ടയാകുന്നു. മനസ്സിനു മധുരവും അസ്ഥികൾക്കു ഔഷധവും തന്നേ;
- സദൃശ്യവാക്യങ്ങൾ 16:24

സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു. തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു. - സദൃശ്യവാക്യങ്ങൾ. 17:22

വേലയിൽ മടിയനായവൻ മുടിയന്റെ സഹോദരൻ. യഹോവയുടെ നാമം ബലമുള്ള ഗോപുരം.
- സദൃശ്യവാക്യങ്ങൾ 18:9

അവർ നിന്നെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞുനോക്കാത്ത സീയോൻ എന്നു വിളിക്കുകകൊണ്ട്, ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ചു നിനക്ക് ആരോഗ്യം വരുത്തും എന്നു യഹോവയുടെ അരുളപ്പാട്. - യിരെമ്യാവ് 30:17

ഭോജ്യങ്ങൾ വയറ്റിനും വയറു ഭോജ്യങ്ങൾക്കും ഉള്ളത്; എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ ദുർന്നടപ്പിനല്ല കർത്താവിന്നത്രേ; കർത്താവു ശരീരത്തിനും. - 1 കൊരിന്ത്യർ 6:13

ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നു നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നു അറിയുന്നില്ലയോ?
- 1 കൊരിന്ത്യർ 6:19-20

സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. - 1 തെസ്സലോനിക്യർ 5:23

ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്നു. - 1 പത്രൊസ് 5:8

പ്രിയനേ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു. - 3 യോഹന്നാൻ 2

# പ്രലോഭനം

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായി രിക്കുന്നു.

– സങ്കീർത്തനങ്ങൾ 46:1

ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്കുത്തരമരുളി; എന്റെ ഉള്ളിൽ ബലം നല്കി എന്നെ ധൈര്യപ്പെടുത്തി യിരിക്കുന്നു.

– സങ്കീർത്തനങ്ങൾ 138:3

നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ. നിന്റെ നല്ല ആത്മാവു നേർന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ.

– സങ്കീർത്തനങ്ങൾ 143:10

മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ വഴിപെട്ടുപോകരുത്. ഞങ്ങളോടുകൂടെ വരുക നാം രക്തത്തിനായി പതിയിരിക്കുക... മകനേ, നീ അവരുടെ വഴിക്ക് പോകരുത്; നിന്റെ കാൽ അവരുടെ പാതയിൽ വയ്ക്കുകയും അരുത്.

– സദൃശ്യവാക്യങ്ങൾ 1:10, 15

ദുഷ്ടന്മാരുടെ പാതയിൽ നീ ചെല്ലരുത്. ദുർജ്ജനത്തിന്റെ വഴിയിൽ നടക്കുകയുമരുത്. അതിനോടു അകന്നു നിൽക്കുക, അതിൽ നടക്കരുത്. അത് വിട്ട്മാറു കടന്നു പോകുക.

– സദൃശ്യവാക്യങ്ങൾ 4:14–15

പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്നു പറഞ്ഞു

– മർക്കോസ് 14:38

ആ സ്ഥലത്ത് എത്തിയപ്പോൾ അവൻ അവരോട് : നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ എന്നു പറഞ്ഞു.

- ലൂക്കോസ് 22:40

തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.

- റോമർ 12:21

പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.

- യാക്കോബ് 1:12

ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നിൽക്കുവിൻ; എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ.

- യാക്കോബ് 4:7

# ⊱ ദൈവത്തിന്റെ ദയ ⊰

യഹോവ നല്ലവൻ എന്നു രുചിച്ചറിയുവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.

– സങ്കീർത്തനം 34:8

യഹോവയിൽതന്നെ രസിച്ചുകൊള്ളുക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക. അവനിൽ തന്നെ ആശ്രയിക്കുക. അവൻ അതു നിർവ്വഹിക്കും. അവൻ നിന്റെ നീതിയെ പ്രഭാതം പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നം പോലെയും പ്രകാശിപ്പിക്കും.

– സങ്കീർത്തനം 37:4–6

യഹോവയായ ദൈവം സൂര്യനും പരിചയം ആകുന്നു. യഹോവകൃപയും മഹത്ത്വവും നല്കുന്നു.നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.

– സങ്കീർത്തനം 84:11

യഹോവയെ സ്തുതിക്കുവിൻ, യഹോവ നല്ലവൻ അല്ലോ. അവന്റെ നാമത്തിനു കീർത്തനം ചെയ്യുവിൻ. അതു മനോഹരമല്ലോ.

– സങ്കീർത്തനം 135:3

യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകല പ്രവൃത്തകളോടും അവനു കരുണ തോന്നുന്നു.

– സങ്കീർത്തനം 145:9

യഹോവയുടെ അനുഗ്രഹത്താൽ സമ്പത്തുണ്ടാകുന്നു. അദ്ധ്വാനത്താൽ അതിനോട് ഒന്നും കൂട്ടുന്നില്ല.

– സദൃശ്യവാക്യങ്ങൾ 10:22

നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരുപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ളയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്. – യിരെമ്യാവ് 29:11

സൈന്യങ്ങളുടെ യഹോവയെ സ്തുതിക്കുവിൻ, യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത് എന്നു ആലയത്തിൽ സ്തോത്രയാഗം കൊണ്ടുവരുന്നവരുടെ ശബ്ദവും കേൾക്കും. ഞാൻ ദേശത്തിന്റെ സ്ഥിതി മാറ്റി പണ്ടത്തെപ്പോലെ ആക്കും എന്നു യഹോവ അരുളി ച്ചെയ്യുന്നു. – യിരെമ്യാവ് 33:11

യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു; തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു. – നഹൂം 1:7

ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു.
– ലൂക്കോസ് 12:32

അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്ന് അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?
– റോമർ 2:4

ദൈവം നമ്മെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല. – 1 കൊരിന്ത്യർ 2:9

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും. – ഫിലിപ്പിയർ 4:19

# മനസ്സ്

യഹോവേ നീ എന്നെ ശോധന ചെയ്ത് അറിഞ്ഞി രിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.

– സങ്കീർത്തനം 139:1–4

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക; സ്വന്ത വിവേകത്താൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊള്ളുക; അവൻ നിന്റെ പാതകളെ നേരെയാക്കും.

– സദൃശ്യവാക്യങ്ങൾ 3:5–6

ഉത്സാഹിയുടെ വിചാരങ്ങൾ സമൃദ്ധിഹേതുകങ്ങൾ ആകുന്നു. ബദ്ധപ്പാടുകാരൊക്കെയും ബുദ്ധിമുട്ടിലേക്കത്രേ ബദ്ധപ്പെടുന്നത്.

– സദൃശ്യവാക്യങ്ങൾ 21:5

അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു. തിന്നു കുടിച്ചുകൊള്ളുക എന്ന് അവൻ നിന്നോടു പറയും. അവന്റെ ഹൃദയമോ നിനക്ക് അനുകൂലമല്ല.

– സദൃശ്യവാക്യങ്ങൾ 23:7

ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.

– റോമർ 12:2

അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി, നിങ്ങളുടെ അനുസരണം തികഞ്ഞുവരുമ്പോൾ എല്ലാ അനുസരണക്കേടിനും പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയുമിരിക്കുന്നു.

– 2 കൊരിന്ത്യർ 10:5

മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊള്ളുവിൻ.

– എഫെസ്യർ 4:22–24

ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്യമായത് ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സത്ഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊള്ളുവിൻ.

– ഫിലിപ്പിയർ 4:8

ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്.

– 2 തിമൊഥെയോസ് 1:7

# ദൈവവചനത്തിന്റെ ശക്തി

എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കു മാറാകട്ടെ.

– സങ്കീർത്തനങ്ങൾ 19:14

ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊള്ളുക;

– സങ്കീർത്തനങ്ങൾ 34:13

യഹോവേ എന്റെ വായ്ക്കു ഒരു കാവൽ നിർത്തി, എന്റെ അധരധ്വാരം കാക്കണമേ.

– സങ്കീർത്തനങ്ങൾ 141:3

നീതിമാന്റെ വായ് ജീവന്റെ ഉറവാകുന്നു. എന്നാൽ ദുഷ്ടന്മാരുടെ വായ് സാഹസം മൂടുന്നു.

– സങ്കീർത്തനങ്ങൾ 10:11

നീതിമാന്റെ വായ് ജ്ഞാനം മുളപ്പിക്കുന്നു. വക്രതയുള്ള നാവോ ഛേദിക്കപ്പെടും.

– സദൃശ്യവാക്യങ്ങൾ 10:31

വായെ കാത്തുകൊള്ളുന്നവൻ പ്രാണനെ സൂക്ഷിക്കുന്നു. അധരങ്ങളെ പിളർക്കുന്നവനോ നാശം ഭവിക്കും.

– സദൃശ്യവാക്യങ്ങൾ 13:3

മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു.

– സദൃശ്യവാക്യങ്ങൾ 15:1

താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യന്നു സന്തോഷം വരും. തക്കസമയത്തു പറയുന്ന വാക്കു എത്ര മനോഹരം!

– സദൃശ്യവാക്യങ്ങൾ 15:23

ജ്ഞാനിയുടെ ഹൃദയം അവന്റെ വായെ പഠിപ്പിക്കുന്നു. അവന്റെ അധരങ്ങൾക്കു വിദ്യ വർദ്ധിപ്പിക്കുന്നു.

– സദൃശ്യവാക്യങ്ങൾ 16:23

മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു. അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും.

– സദൃശ്യവാക്യങ്ങൾ 18:21

തക്കസമയത്തു പറഞ്ഞ വാക്കു വെള്ളിത്താലത്തിൽ പൊൻനാരങ്ങപോലെ.

– സദൃശ്യവാക്യങ്ങൾ 25:11

തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിനു യഹോവയായ കർത്താവ് എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു. അവൻ രാവിലെ തോറും ഉണർത്തുന്നു. ശിഷ്യന്മാരെപ്പോലെ കേൾക്കേ ണ്ടതിന് അവൻ എന്റെ ചെവി ഉണർത്തുന്നു.

– സദൃശ്യവാക്യങ്ങൾ 50:4

**സർപ്പ സന്തതികളെമ്മ നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു.**

**നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽനിന്നു തീയതു പുറപ്പെടുവിക്കുന്നു; – മത്തായി** 12:34-35

എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.

– മത്തായി 12:36–37

കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.

– എഫെസ്യർ 4:29

ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാൺമാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ.

– 1 പത്രൊസ് 3:10

# ⊱ ഉറപ്പ് ⊰

ദൈവത്തിന്റെ വഴി തികവുള്ളത്. യഹോവയുടെ വചനം ഊതിക്കഴിച്ചത്. തന്റെ ശരണമാക്കുന്ന ഏവർക്കും അവൻ പരിച ആകുന്നു. യഹോവ അല്ലാതെ ദൈവം ആരുള്ളൂ? നമ്മുടെ ദൈവം ഒഴികെ പാറ ആരുള്ളൂ? ദൈവം എന്റെ ഉറപ്പുള്ള കോട്ട. നിഷകളങ്കനെ അവൻ വഴിനടത്തുന്നു.

– 2 ശമുവേൽ 22:31–33

അവൻ കോപിച്ചിട്ട് നിങ്ങൾ വഴിയിൽവച്ചു നശിക്കാതിരിക്കുവാൻ പുത്രനെ ചുംബിപ്പിൻ അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും, അവനെ ശരണം പ്രാപിക്കുന്ന വരൊക്കെയും ഭാഗ്യവാൻമാർ.

– സങ്കീർത്തനം 2:12

യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു. സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുകയും എന്റെ ശത്രുക്കളുടെ കൈയിൽനിന്നും രക്ഷ പ്രാപിക്കുകയും ചെയ്യും.

– സങ്കീർത്തനങ്ങൾ 18:2–3

ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു. ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും.

– സങ്കീർത്തനങ്ങൾ 20:7

എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു. എന്റെ കാലഗതികൾ നിന്റെ

കൈയിൽ ഇരിക്കുന്നു. എന്റെ ശത്രുക്കളുടെയും എന്നെ പീഡിപ്പിക്കുന്നവരുടെയും കൈയിൽനിന്നു എന്നെ വിടുവിക്കണമേ.

– സങ്കീർത്തനങ്ങൾ 31:14–15

ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും. ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴും. ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന് എന്നോട് എന്തു ചെയ്യുവാൻ കഴിയും.

– സങ്കീർത്തനങ്ങൾ 56:3–4

ജനമേ എല്ലാക്കാലത്തും അവനിൽ ആശ്രയിക്കുവിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു.

– സങ്കീർത്തനങ്ങൾ 62:8

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക. സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊള്ളുക; അവൻ നിന്റെ പാതകളെ നേരെയാക്കും; നിനക്കുതന്നെ നീ ജ്ഞാനിയായി തോന്നരുത്; യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക. അതു നിന്റെ നാഭിക്ക് ആരോഗ്യവും അസ്ഥികൾക്കു തണുപ്പും ആയിരിക്കും.

– സദൃശ്യവാക്യങ്ങൾ 3:5–8

മാനുഷഭയം ഒരു കെണി ആകുന്നു, യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷ പ്രാപിക്കും.

– സദൃശ്യവാക്യങ്ങൾ 29:25

മനംതിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്ക് മനസ്സാകാതെ; അല്ല.

– യെശയ്യാവ് 30:15

യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു. തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു.

– നഹൂം 1:7

അതിനായി തന്നെ നാം സകല മനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവച്ച് അദ്ധ്വാനിച്ചും പോരാടിയും വരുന്നു.

– 1 തിമൊഥെയൊസ് 4:10

അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്.

– എബ്രായർ 2:13

# ⊰ വിജയം ⊱

ദാവീദു ചെന്നെടെത്തൊക്കെയും യഹോവ അവനു ജയം നല്കി.

– 2 ശമുവേൽ 8:6

യഹോവേ മഹത്വവും ശക്തിയും തേജസ്സും യശസ്സും മഹിമയും നിനക്കുള്ളത്; സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള തൊക്കെയും നിനക്കുള്ളതല്ലോ. യഹോവേ, രാജത്വം നിനക്കുള്ളതാകുന്നു. നീ സകലത്തിലും മീതേ തലവനായിരിക്കുന്നു.

– 1 ദിനവൃത്താന്തം 29:11

യഹോവേ തന്റെ ജനത്തിൽ പ്രസാദിക്കുന്നു. താഴ്മയുള്ളവരെ അവൻ രക്ഷകൊണ്ട് അലങ്കരിക്കും.

– സങ്കീർത്തനം 149:4

ഭരണസാമർത്ഥ്യത്തോടെ നീ യുദ്ധം നടത്തി ജയിക്കും. മന്ത്രിമാരുടെ ബഹുത്വത്തിൽ രക്ഷയുണ്ട്.

– സദൃശ്യവാക്യങ്ങൾ 24:6

നാമോ നമ്മെ സ്നേഹിച്ചവർ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.

– സദൃശ്യവാക്യങ്ങൾ 8:37

ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർതൃത്വത്തെയും ധരിക്കുമ്പോൾ മരണംനീങ്ങി ജയം വന്നിരിക്കുന്നു...നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം..

– 1 കൊരിന്ത്യർ 15:54, 57

ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

– 2 കൊരിന്ത്യർ 2:14

യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം. അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല. ദൈവത്തിനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ! ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു. യേശുക്രിസ്തു തന്നെ.

– 1 യോഹന്നാൻ 5:1–5

# ⊱ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക ⊰

നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ. ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവയ്ക്കുന്നു.

– സങ്കീർത്തനങ്ങൾ 25:5

എങ്കിലും യഹോവേ ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു. എന്റെ കാലഗതികൾ നിന്റെ കൈയിൽ ഇരിക്കുന്നു. എന്റെ ശത്രുക്കളുടെയും എന്നെ പീഡിപ്പിക്കുന്നവരുടെയും കൈയിൽനിന്ന് എന്നെ വിടുവിക്കണമേ.

– സങ്കീർത്തനങ്ങൾ 31:14–15

യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവന്നായി പ്രത്യാശിക്കുക. കാര്യസാധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ചു നീ മുഷിയരുത്.

– സങ്കീർത്തനം 37:7

എന്നാൽ കർത്താവേ ഞാൻ എന്തിനായി കാത്തിരിക്കുന്നു? എന്റെ പ്രത്യാശ നിങ്കൽ വച്ചിരിക്കുന്നു. എന്റെ സകല ലംഘനങ്ങളിൽനിന്നും എന്നെ വിടുവിക്കണമേ; എന്നെ ഭോഷന്റെ നിന്ദയാക്കി വയ്ക്കരുതേ.

– സങ്കീർത്തനം 39:7–8

എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു; എന്റെ രക്ഷ അവങ്കൽനിന്നു വരുന്നു. അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു. എന്റെ ഗോപുരം അവൻ തന്നെ. ഞാൻ ഏറെ കുലുങ്ങുകയില്ല.

– സങ്കീർത്തനം 62:1–2

എല്ലാവരുടെയും കണ്ണു നിന്നെ നോക്കി കാത്തിരിക്കുന്നു; നീ തത്സമയത്തു അവർക്കു ഭക്ഷണം കൊടുക്കുന്നു. നീ തൃക്കൈ തുറന്നു ജീവനുള്ളതിനൊക്കെയും പ്രസാദം കൊണ്ടു തൃപ്തിവരുത്തുന്നു.

– സങ്കീർത്തനം 145:15–16

അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിക്കുവാൻ താമസിക്കുന്നു; അതുകൊണ്ട് അവൻ നിങ്ങളോട് കരുണകാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു. യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.

– യെശയ്യാവ് 30:18

എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

– യെശയ്യാവ് 40:31

അത് സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിനായി കാത്തിരിക്കുക; അതു വരും നിശ്ചയം; താമസിക്കുകയുമില്ല.

– ഹബക്കൂക്ക് 2:3

# സ്നേഹത്തിൽ നടക്കുക

ആകയാൽ യിസ്രായേലേ , നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാ വഴികളിലും നടക്കുകയും അവനെ സ്നേഹിക്കുകയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സേവിക്കുകയും

– ആവർത്തനപുസ്തകം 10:12

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു തന്നേ.

– യോഹന്നാൻ 13:34

കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യത യോടും ദീർഘക്ഷമയോടുംകൂടെ നടക്കുകയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും

– എഫേസ്യർ 4:1–2

ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹ ത്തിൽ നടക്കുവിൻ.

– എഫേസ്യർ 5:2

അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ

എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്‌വിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയോടെ ബന്ധമായ സനേഹം ധരിക്കുവിൻ.

– കൊലോസ്സ്യർ 3:12–14

പ്രിയമുള്ളവരേ നാം അന്യോന്യം സ്നേഹിക്കുക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കു ന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാ ത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നെ.

– 1 യോഹന്നാൻ 4:7–8

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

– 1 യോഹന്നാൻ 4:12

ന്യായവിധി ദിവസത്തിൽ നമുക്കുധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല. ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ടു നാം സന്തോഷിക്കുന്നു.

– 1 യോഹന്നാൻ 4:17–19

# ജ്ഞാനം

അവൻ തന്റെ ജനത്തിന് വീണ്ടെടുപ്പ് അയച്ചു, തന്റെ നിയമത്തെ എന്നേക്കുമായി കല്പിച്ചിരിക്കുന്നു. അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു.

– സങ്കീർത്തനങ്ങൾ 111:10

ജ്ഞാനി കേട്ടിട്ടു വിദ്യാഭിവൃദ്ധി പ്രാപിക്കുവാനും, ബുദ്ധിമാൻ സദുപദേശം സമ്പാദിക്കുവാനും

– സദൃശ്യവാക്യങ്ങൾ 1:5

മകനേ, ജ്ഞാനത്തിനു ചെവി കൊടുക്കുകയും ബോധത്തിനു നിന്റെ ഹൃദയം ചായ്ക്കുകയും ചെയ്യേണ്ടതിനു എന്റെ വചനങ്ങളെ കൈക്കൊണ്ടു എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചാൽ, നീ ബോധത്തിനായി വിളിച്ച് വിവേകത്തിനായി ശബ്ദം ഉയർത്തുന്നു എങ്കിൽ അതിനെ വെള്ളിയെപ്പോലെ അന്വേഷിച്ച് നിക്ഷേപങ്ങളെപ്പോലെ തിരിയുന്നുവെങ്കിൽ നീ യഹോവഭക്തി ഗ്രഹിക്കുകയും ദൈവപരിജ്ഞാനം കണ്ടെത്തുകയും ചെയ്യും.

– സദൃശ്യവാക്യങ്ങൾ 2:1–5

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക; സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊള്ളുക; അവൻ നിന്റെ പാതകളെ നേരേയാക്കും; നിനക്കുതന്നെ നീ ജ്ഞാനിയായി തോന്നരുത്; യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക.

– സദൃശ്യവാക്യങ്ങൾ 3:5–7

ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ

സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്. അതു മുത്തുകളിലും വിലയേറിയത്. നല്ല മനോഹരവസ്തുക്കൾ ഒന്നും അതിനു തുല്യമാകുകയില്ല.

– സദൃശ്യവാക്യങ്ങൾ 3:13–15

ജ്ഞാനികൾ ബഹുമാനത്തോടെ അവകാശമാക്കും; ഭോഷന്മാരുടെ ഉയർച്ചയോ അപമാനം തന്നെ.

– സദൃശ്യവാക്യങ്ങൾ 3:35

ജ്ഞാനം മുത്തുകളേക്കാൾ നല്ലതാകുന്നു; മനോഹരമായ തൊന്നും അതിനു തുല്യമാകുകയില്ല.

– സദൃശ്യവാക്യങ്ങൾ 8:11

എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. അവൻ യഹോവയുടടെ കടാക്ഷംപ്രാപിക്കുന്നു.

– സദൃശ്യവാക്യങ്ങൾ 8:35

പിന്നത്തേതിൽ നീ ജ്ഞാനിയാകേണ്ടതിനു ആലോചന കേട്ടു പ്രബോധനം കൈക്കൊൾക.

– സദൃശ്യവാക്യങ്ങൾ 19:20

നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ, ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും.

– യാക്കോബ് 1:5

# ആരാധന

ഞാനോ, നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും.

– സങ്കീർത്തനങ്ങൾ 5:7

ഭൂമിയുടെ അറുതികൾ ഒക്കെയും ഓർത്തു യഹോവ യിങ്കലേക്കു തിരിയും; ജാതികളുടെ വംശങ്ങളൊക്കെയും നിന്റെ മുമ്പാകെ നമസ്കരിക്കും.

– സങ്കീർത്തനങ്ങൾ 22:27

യഹോവയുടെ സഖിത്വം തന്റെ ഭക്തൻമാർക്ക് ഉണ്ടാകും. അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു.

– സങ്കീർത്തനങ്ങൾ 25:14

യഹോവയ്ക്ക് അവന്റെ നാമത്തിലെ മഹത്വം കൊടുക്കുവിൻ; വിശുദ്ധവസ്ത്രാലങ്കാരം ധരിച്ചു യഹോവയെ നമസ്കരിക്കുവിൻ.

– സങ്കീർത്തനം 29:2

നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കണമേ.

– സങ്കീർത്തനം 119:38

നിനക്കുതന്നേ നീ ജ്ഞാനിയായി തോന്നരുത്; യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക.

– സദൃശ്യവാക്യങ്ങൾ 3:7

ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം എന്നു ഞാൻ അറിയുന്നു. അതിനോട് ഒന്നും കൂട്ടുവാനും അതിൽനിന്ന് ഒന്ന്

കുറയ്ക്കുവാനും കഴിയുന്നതല്ല. മനുഷ്യർ തന്നെ ഭയപ്പെടേണ്ടതിനു ദൈവം അതു ചെയ്തിരിക്കുന്നു.

– സഭാപ്രസംഗി 3:14

അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം.

– യോഹന്നാൻ 4:24

സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ.

– റോമർ 12:1

ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നേ.

– ഫിലിപ്പിയർ 3:3

ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്യുക.

– എബ്രായർ 12:28

# എഴുത്തുകാരിയെക്കുറിച്ച്

ജോയ്സീ മേയർ 1976 മുതൽ തിരുവെഴുത്തുകളെ പഠിപ്പിക്കുന്നു. 1980 മുതൽ പൂർണ്ണമായി മിനിസ്ട്രിയിലാണ്. ഏറ്റവും നല്ല രീതിയിൽ വിറ്റഴിക്കപ്പെടുന്നതും ആത്മപ്രചോദനം നല്കുന്നതുമായ 54 പുസ്തകങ്ങളുടെ  ലേഖികയാണ് താൻ. അതിൽ സീക്രട്ട്സ് ടു എക്സപ്ഷണൽ ലിവിംഗ്, ദ ജോയി ഓഫ് ബിലീവിംഗ് പ്രെയർ, ബാറ്റിൽഫീൽഡ് ഓഫ് ദ മൈൻഡ് എന്നിവയും 220 ഓഡിയോ കാസറ്റുകളുടെ ആൽബവും 90 ൽ അധികം വീഡിയോസും ഉൾപ്പെടുന്നു. *Joyce's Life in the Word radio and Television* പരിപാടി ലോകവ്യാപകമായുണ്ട്. 'ലൈഫ് ഇൻ ദി വേർഡ്' എന്ന തന്റെ പരിപാടിക്കുവേണ്ടി ദീർഘയാത്രകൾ നടത്തിയാണ് ജോയ്സി പ്രസംഗിക്കുന്നത്. ഭർത്താവായ ഡേവിനോടും നാലു മക്കളോടുമൊപ്പം സെന്റ് ലോയിസ്, മിസൗറിയിൽ താമസിക്കുന്നു.

# ജോയ്സ് മേയറുടെ മറ്റു പുസ്തകങ്ങൾ

*Seven Things That Steal Your Joy*
*How to Hear from God*

*Starting Your Day Right*

*Beauty for Ashes Revised Edition*

*Knowing God Indimately*

*The Power Of Forgiveness*

*The Power of Determination*

*The Power of Being Positive*

*The Secrets of Spiritual Power*

*Experiencing Intimacy with God*

*The Battle Belongs to the Lord*

*Secrets to Exceptional Living*

*Eight Ways to Keep the Devil under Your Feet*

*Teenagers Are People Too!*

*Filled with the Spirit*

*Celebration of Simplicity*

*The Joy of Beliving Prayer*

*Never Lose Heart*

*Being the Person God Made You to Be*

*A Leader in the Making*

*"Good Morning, This Is God!" Gift Book*

*JESUS - Name Above All Names*

*"Good Morning, This Is God!" Daily Calendar*

*Help Me - I'm Married!*

*Reduce Me to Love*

*Be Healed in Jesus' Name*

*How to Succeede at Being Yourself*

*Eat and Stay Thin*

*Weary Warriors, Fainting Saints*

*Life in the Word Journal*

*Life in the Word Devotional*

*Be Anxious for Nothing*

*Be Anxious for Nothing Study Guide*

*Straight Talk on Loneliness*

*Straight Talk on Fear*

*Straight Talk on Insecurity*

*Straight Talk on Discouragement*

*Straight Talk on Worry*

*Straight Talk on Depression*

*Straight Talk on Stress*

*Don't Dread*

*Managing Your Emotions*

*Healing the Broken Hearted*

*“Me and my Big Mouth!”*

*“Me and My Big Mouth!” Study Guide*

*Prepare to Prosper*

*Do It Afraiid!*

*Expect a More of God...........Suddenly!*

*Enjoying Where You Are on the Way to Where You Are Going*

*The Most Important Decision You Will Ever Make*

*When, God, When?*

*Why, God, Why?*

*The Word, The Name, The Blood*

*Battlefield of the Mind Study Guide*

*Tell Them I Love Them*

*Peace*

*The Root of Rejection*

*Beauty for Ashes*


*If Not for the Grace of God*

*If Not For The Grace Of God Study Guide*

**And From Dave Meyer...**

*Life LInes*

# നിങ്ങളുടെ ദിവസം ശരിയായി അവസാനിപ്പിക്കുവാൻ വിട്ടുകളയരുത്




ജോയ്സീ മേയറുടെ *സ്റ്റാർട്ടിംഗ് യുവർ ഡേ റയിറ്റ്* എന്നു വളരെ പ്രസിദ്ധിയുള്ള ധ്യാനപംക്തിയുടെ വായനക്കാർക്കു വേണ്ടി തയ്യാറാക്കിയ പോക്കറ്റ് സൈസ് നിക്ഷേപമാണിത്. ഇതിന്റെ ലക്ഷ്യം നിങ്ങൾ സമയമെടുത്തു ദൈവം തന്റെ സാന്നിദ്ധ്യം നിങ്ങളുടെ ഒരു ദിവസം മുഴുവൻ തന്നതിന് നന്ദി പറകയും, തുടർന്നു വരുന്ന രാത്രിയിൽ ദൈവീക പരിപാലനം ലഭിക്കേണ്ടതിനായി അപേക്ഷിക്കയും ചെയ്യുകയാണ്.